# കേരള സർക്കാർ
# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എലിക്കുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി12 - 1638/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി12 - 1638/2024 തീയ്യതി: 04/11/2024

**കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 27-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 27-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ജയശ്രീ പി. ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എസ്. ഷാജി | പ്രസിഡന്റ് | 01-04-2023 | 31-12-2023 |
| ശ്രീ ജിമ്മി ജേക്കബ് | പ്രസിഡന്റ് | 01-01-2024 | 31-03-2024 |
| ശ്രീ സിബി ജോസ് കെ. | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി ജോബോയ് ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 18-07-2023 |
| ശ്രീ മുഹ്സിൻ പി. എം. | സെക്രട്ടറി | 19-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ശ്രീലക്ഷ്മി കെ. എ. | കൃഷി ഓഫീസർ | 01-04-2023 | 25-04-2023 |
| ശ്രീമതി നീതു തോമസ് | കൃഷി ഓഫീസർ | 26-04-2023 | 05-06-2023 |
| ശ്രീ പ്രവീൺ കെ. | കൃഷി ഓഫീസർ | 06-06-2023 | 31-03-2024 |
| ഡോ. രമ്യ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ജെസ്സി എം. കട്ടപ്പുറം | മെഡിക്കൽ ഓഫീസർ(CHC) | 01-04-2023 | 31-03-2024 |
| ഡോ. ബിന്ദു തെരേസ പി. ജെ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. ഡോണ എബ്രഹാം മറ്റം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-10-2023 |
| ഡോ. അഞ്ജലി വി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-11-2023 | 31-03-2024 |
| ശ്രീമതി പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 26-05-2023 |
| ശ്രീ ശ്യാമധരൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30-05-2023 | 16-02-2024 |
| ശ്രീ സനീഷ് ദിനേശൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 16-02-2024 | 27-03-2024 |
| ശ്രീമതി ഐശ്വര്യ സലി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 28-03-2024 | 31-03-2024 |
| ശ്രീമതി കവിത എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജൂലി ജോസ് | ഡയറി ഫാം ഇൻട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജോബോയ് ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എലിക്കുളം) | 01-04-2023 | 07-11-2023 |
| ശ്രീ സന്തോഷ് കുമാർ ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എലിക്കുളം) | 08-11-2023 | 20-02-2024 |
| ശ്രീ സോനു ബാബു | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എലിക്കുളം) | 21-02-2024 | 31-03-2024 |
| ശ്രീമതി ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഇളങ്ങുളം) | 01-04-2023 | 25-07-2023 |
| ശ്രീ രഘു എം. ഡി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഇളങ്ങുളം) | 26-07-2023 | 26-10-2023 |
| ശ്രീ സന്തോഷ് കുമാർ ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഇളങ്ങുളം) | 27-10-2023 | 31-03-2024 |
| ശ്രീമതി. ചിന്തു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

ഡോ. അഞ്ജലി വി. മെഡിക്കൽ ഓഫീസർ(ആയുർവേദം) 01-11-2023 മുതൽ 31-03-2024 വരെ അഡിഷണൽ ചാർജ് മെഡിക്കൽ ഓഫീസറായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | വാർഷിക കണക്കുകൾക്ക് അനുബന്ധമായി നോട്ട്സ് ഓൺ അക്കൗണ്ട് ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | B-7 ഷെഡ്യൂളിലെ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സെക്യൂവേഡ് ലോൺ -പ്രീപെയ്ഡ് എക്സ്പെൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-11 |
| 13 | കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-12 |
| 14 | സെക്യേഡ് ലോൺ കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-13 |
| 15 | ബജറ്റ്-വിശകലനം | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷികപദ്ധതി അവലോകനം. | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-6 |
| 20 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായില്ല | 1-11 |
| 25 | നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാതെ ഉടമസ്ഥാവകാശം മാറ്റി നല്കി | 1-12 |
| 26 | വസ്തുനികുതിനിർണ്ണയത്തിൽ കെട്ടിടത്തിന്റെ മേഖലയും പ്രവേശനമാർഗ്ഗവും രേഖപ്പെടുത്തിയതിൽ അപാകത | 1-13 |
| 27 | വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന നടത്തുന്നില്ല | 1-14 |
| 28 | സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല-തൊഴിൽ നികുതി ചുമത്തലിൽ അപാകത | 1-15 |
| 29 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-16 |
| 30 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക നടപടികളിലെ അപാകതകൾ | 1-17 |
| 31 | ഗ്ലെന്റോക്ക് റബ്ബർ കമ്പനിയുടെ മെഷീനറി ഫീസ് കണക്കാക്കിയതിൽ അപാകത | 1-18 |
| 32 | നികുതി-നികുതിയേതര തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ | 1-19 |
| 33 | BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേമെന്റ്/Swiping Machine പേമെന്റ് സംവിധാനം - അക്കൗണ്ടുകളിലെ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-20 |
| 34 | ഇ-ടെന്റർ ഫീസ് ലഭ്യമായില്ല. | 1-21 |
| 35 | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാതെ ബാക്കിയായ നിക്ഷേപ തുക സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല. | 1-22 |
| 36 | നിക്ഷേപപ്രവൃത്തികൾ -ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-23 |
| 37 | ഫ്രണ്ട് ഓഫീസ് സഹായത്തിന് റോബോട്ടിക് സംവിധാനം-നൂതന പ്രൊജക്ടിന് അംഗീകാരം നേടിയില്ല. | 1-24 |

| | | |
|---|---|---|
| 38 | ഏഴാം മൈൽ ടേക്ക് എ ബ്രേക്കിന് കുഴൽകിണർ നിർമാണവും മോട്ടർ വാങ്ങലും- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-25 |
| 39 | കാർബൺ ന്യൂട്രൽ പഞ്ചായത്ത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-26 |
| 40 | തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ-ഏറ്റെടുത്ത സ്ഥാപനം വാറന്റി കാലയളവിൽ തകരാറുകൾ യഥാസമയം പരിഹരിച്ചില്ല | 1-27 |
| 41 | ടെന്റർ നടപടിക്രമങ്ങൾ പാലിക്കാതെ ലക്ഷങ്ങളുടെ വാങ്ങൽ നടത്തി. | 1-28 |
| 42 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - അധികതുക അനുവദിച്ചു. | 1-29 |
| 43 | 7-ാം മൈൽ ടേക്ക് എ ബ്രേക്ക്- പ്രോജക്ട് പ്രവർത്തനക്ഷമമായില്ല. | 1-30 |
| 44 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി വാങ്ങൽ പ്രവൃത്തി നടപ്പാക്കി. | 1-31 |
| 45 | പ്രോജക്ട് പ്രകാരമുള്ള തുകകൾ ഒരേ വ്യക്തികളുടെ തന്നെ അക്കൗണ്ടിലേക്ക് മാറ്റി നല്കിയതു ക്രമപ്രകാരമല്ല. | 1-32 |
| 46 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-33 |
| 47 | ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-34 |
| 48 | നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണം/തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. | 1-35 |
| 49 | താഷ്കന്റ് കുടിവെള്ള പദ്ധതി- പൂർത്തിയായില്ല. | 1-36 |
| 50 | ലൈഫ് മിഷൻ പദ്ധതി അവലോകനം | 1-37 |
| 51 | ബാരൽവില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത്. | 1-38 |
| 52 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 04/07/2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 09/07/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 04.11.2024** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം – 78 പ്രകാരം 31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (6,546,015/- രൂപ) ആധികാരികതയും ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

### 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ് (Capital Contribution) മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും ലഭ്യമല്ല. മൂലധന വർദ്ധനവ് വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-4 വാർഷിക കണക്കുകൾക്ക് അനുബന്ധമായി നോട്ട്സ് ഓൺ അക്കൗണ്ട് ഉൾപ്പെടുത്തിയില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകൾക്ക് അനുബന്ധമായി സമർപ്പിക്കേണ്ടിയിരുന്ന നോട്ട് ഓൺ അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

### 1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികകണക്ക് ബി 9 ഷെഡ്യൂൾ പ്രകാരമുള്ള തുക 332,352/- (ശീർഷകം 350400999-Refund Of Unutilised Grants Prior Period) രൂപയുടെ കൃത്യത വ്യക്തമല്ല. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-1-7 B-7 ഷെഡ്യൂളിലെ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ബി7 ഷെഡ്യൂളിലെ താഴപ്പറയുന്ന തുകകളുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340109901 | Other Deposits | 134,044/- |
| 340100103 | Bidders Earnest Money Deposit | 2500/- |
| 340100301 | Contractors Retension | 98,826/- |
| 340200101 | Rent Deposit | 38,010/- |
| 340200199 | Other Deposits | 2308/- |

B-7 ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ തുകകളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-1-8 B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.

B-18 ഷെഡ്യൂളിലെ (ശീർഷകം 460500206)– Advance To Implementing Agencies-Deposit With Anert എന്ന ഹെഡിലെ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. Advance To Others (ശീർഷകം 460500901) എന്ന ഹെഡ്ഡിലെ 270,021/- തുക ചേർത്തിട്ടുണ്ടെങ്കിലും മൂൻകൂർ ആർക്ക് എന്ത് ആവശ്യത്തിന് നൽകി എന്നീ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ടി തുക ക്രമീകരിച്ചിട്ടില്ല. കൃത്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

**1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

B-4 ഷെഡ്യൂളിലെ 320200112 – Sabarimala Grant എന്ന ഹെഡിൽ നിലനിൽക്കുന്ന ബാലൻസ് തുക B17 ഷെഡ്യൂളിലെ ഗ്രാന്റ് നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-10 സെക്യൂവേഡ് ലോൺ -പ്രീപെയ്ഡ് എക്സ്പെൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

**1-1-11 ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ബി 4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക 42,283/- (ശീർഷകം 320800101) -രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-12 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.**

B9 ഷെഡ്യൂൾ 350800101 ഹെഡിൽ Stale Cheque 76368/- രൂപ നാളിതുവരെ ക്രമീകരിക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-13 സെക്വേഡ് ലോൺ കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.**

ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാലൻസ് ലോൺ തുകയായ 10,544,210/- രൂപയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. ലോൺ കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യാവുന്ന രീതിയിൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

**1-2 ബജറ്റ്-വിശകലനം**

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20/03/2023 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09/02/2024 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ്(01/04/2023) | 16,844,141/- | 28,455,863/- |
| 2023-24 വരവ് | 181,264,500/- | 160,334,049/- |
| ആകെ വരവ് | 198,108,641/- | 188,789,912/- |
| 2023-24 ചെലവ് | 183,934,100/- | 157,463,680/- |
| നീക്കിയിരിപ്പ്(31/03/2024) | 14,174,541/- | 31,326,232/- |

പുതുക്കിയ ബജറ്റ് പ്രകാരം 16.03 കോടി രൂപ വരുമാനവും 15.75 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.8 കോടി രൂപയും ചെലവ് 10.87 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തികവർഷത്തെ അതുവരെയുള്ള വരവ്-ചെലവുകളും കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്. 1.68 കോടി രൂപ മുന്നിരിപ്പ് ഉള്ളത് സാമ്പത്തിക വർഷം ആരംഭിച്ച ശേഷം വ്യക്തമായിരുന്നിട്ടും 2.85 കോടി എന്ന് മുന്നിരിപ്പ് കണക്കാക്കിയാണ് വർഷാവസാനം ബജറ്റ് പുതുക്കിയത്. അക്രുവൽ നികുതി വരുമാന കണക്കുകൾ പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോൾ കൃത്യമാക്കിയതായി കാണുന്നില്ല.

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) ഉള്ള അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 16,317,164/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 49,831,360/- |
| ആകെ(മുന്നിരിപ്പ് ഉൾപ്പടെ) | 66,148,524/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 42,292,205/- |
| നീക്കിയിരിപ്പ് (31/03/2024) | 23,856,319/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 108,066,389/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 108,744,802/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 678,413/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 105,981/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 784,394/- |

**ബാലൻസ് ഷീറ്റ് 31/03/2024 തീയതിയിൽ**

| | |
|---|---|
| ആസ്തിമൂല്യം (Total Assets) | 89,907,239/- |
| ബാധ്യതകളുടെ മൂല്യം (Total Liabilities) | 70,842,096/- |
| ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund) | 19,065,143/- |

**ഓഡിറ്റ് പ്രത്യവലോകനം 2023-24**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,629,773/- |

## 1-4 ഗ്രാന്റ് വിനിയോഗം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16,464,000/- | 16,464,000/- | 13,56,9582/- | 2,894,418/- | 82.4% |
| വികസന ഫണ്ട്-SCP | 0 | 3,751,000/- | 3,751,000/- | 13,76,506/- | 23,74,494/- | 37% |
| വികസന ഫണ്ട്-TSP | 0 | 0 | In:Sent 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,93345/- | 27,26,000+ 135388 (പലിശ) | 33,54,733/- | 18,95,230/- | 14,59,503/- | 56% |
| ധനകാര്യ കമ്മീഷൻ | 4392930/- | 20,44,500/- | 64,37,430/- | 40,54,100/- | 23,83,330/- | 63% |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Tied | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 11,940,650/ | 11,940,650/ | 19,61,119/- | 99,79,531/- | 16.42% |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,914,000/- | 5,914,000/ | 38,51,741/- | 20,62,259/- | 65.1% |
| ആരോഗ്യ ഗ്രാന്റ് (Diagnostic Infrastructure To The PHCs) | 2782/- | 8,99,880/- | 9,02,662 | 7,03,865/- | 198,797/- | 77.9% |
| ആരോഗ്യ ഗ്രാന്റ് (പി.എച്ച്.സി കളുടെ നവീകരണ ത്തിനുള്ള തുക) | 1302/- | 379,618/- | 3,80,920/- | 1,80,589/- | 200,331/- | 47.4% |
| ഐ.സി.ഡി.എസ് | 1,42,154/- | 1,131,933/- | 1,274,087/- | 445,004/- | 8,29,083/- | 34.93% |
| ശബരിമല ഫണ്ട് | 98,817/- | 2777(പലിശ) | 101,594/ | 0 | 101,594/- | 0 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied-മുന്നിരിപ്പ് 493345 പലിശ (135388), 2023-24 വർഷം ട്രഷറി വരവ് (ഇല്ല), ബാങ്കിലെ വരവ് 27,26,000 (1363000+1363000 ) എന്നിവ ഉൾപ്പെടെ ആണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-മുന്നിരിപ്പ് 4392930/ ബാങ്കിലെ വരവ് 20,44,500 (1525000+1525000), (2023-24 വർഷം ട്രഷറി വരവ് ട്രഷറി വരവ് ഇല്ല ) എന്നിവ ഉൾപ്പെടെ ആണ്.

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ (ഫെഡറൽ ബാങ്ക് പൊൻകുന്നം നം.11330100142278) ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കീയിരുപ്പ് തുക 3,914,278/-/-രൂപയാണ്. ബി4 ഷെഡ്യൂൾ പ്രകാരം നീക്കീയിരുപ്പ് തുകകൾ യഥാക്രമം 14,59,503/-(CFC Basic Grant Untied ശീർഷകം-320200104) 23,83,329/- (CFC Grant Tied ശീർഷകം-320200113) എന്നിവ ചേർത്ത് ആകെ 38,42,832/(14,59,503+23,83,329) രൂപയാണ്. വ്യത്യാസത്തിന്റെ കാരണം (3,914,278-38,42,832=71446) വിശദീകരിച്ചിട്ടില്ല.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2489907/-രൂപ, 312629/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 347/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 479569 | വികസനഫണ്ട് പൊതുവിഭാഗം |
| 351/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 479569 | വികസനഫണ്ട് പൊതുവിഭാഗം |
| 354/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 479569 | വികസനഫണ്ട് പൊതുവിഭാഗം |
| 346/23-24 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 350/23-24 | 350400 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | | |
| 353/23-24 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 355/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 104209 | വികസനഫണ്ട് എസ്.സി.പി. |
| 348/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 104210 | വികസനഫണ്ട് എസ്.സി.പി. |
| 352/23-24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 104210 | വികസനഫണ്ട് എസ്.സി.പി. |
| **ആകെ** | **2802536** | |

ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നോക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക, കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.
എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി 3-1-2023ലും വർക്കിംഗ് ഗ്രൂപ്പുകൾ 7-1-2023ലും യോഗം ചേർന്ന് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി. പദ്ധതി രൂപീകരണ ഗ്രാമസഭകൾ 11-01-2023 മുതൽ 16-01-2023 വരെയുള്ള കാലയളവിലും വികസനസെമിനാർ 27-02-2023ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 14-03-2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 ാം നമ്പർ തീരുമാനം പ്രകാരം അംഗീകാരം നല്കുകയുണ്ടായി. വാർഷിക പദ്ധതിക്ക് 83898/23/DPC/DPO/KTM തീയതി 03/02/2024 ഉത്തരവിലൂടെ ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചു.

**വാർഷിക പദ്ധതിയുടെ സംക്ഷിപ്തം**

| അംഗീകാരം ലഭിച്ച | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പ്രോജക്ടുകളുടെ എണ്ണം | | | | |
| 284 | 157 | 125555171 | 46636431 | 37 |

അംഗീകാരം ലഭിച്ച 284 പ്രോജക്ടുകളിൽ 157 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 62 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 43 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി അടങ്കൽ തുകയിൽ ജി.ഒ പ്രോജക്ടുകളായി സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ഗ്രാന്റുകളിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല.

വിവിധനിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണചുമതല 13 ഉദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നടപ്പാക്കിയത് | ആകെ വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 13 | 3008500 | 1748611 | 58 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 1142200 | 601348 | 53 |
| 3 | മെഡി.ഓഫീസർ,പി.എച്ച്.സി | 9 | 9 | 2589000 | 2003886 | 77 |
| 4 | മെഡി.ഓഫീസർ,ആയുർവേദം | 2 | 2 | 1210000 | 1209371 | 100 |
| 5 | മെഡി.ഓഫീസർ,ഹോമിയോ | 4 | 4 | 425000 | 413080 | 97 |
| 6 | വി.ഇ.ഒ 1 | 12 | 9 | 41139795 | 13073786 | 38 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26 | 17 | 6743707 | 4479535 | 66 |
| 8 | സെക്രട്ടറി | 71 | 31 | 17520088 | 7517392 | 43 |
| 9 | അസി.എൻജിനീയർ | 105 | 48 | 44439788 | 13200158 | 30 |
| 10 | വി.ഇ.ഒ 2 | 20 | 7 | 4668641 | 697847 | 15 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 80000 | 15676 | 20 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 1300000 | 87 |
| 13 | അസി.സെക്രട്ടറി | 11 | 7 | 1088452 | 375741 | 35 |
| **ആകെ** | | **284** | **157** | **125555171** | **46636431** | **37** |

**വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് വിവരങ്ങൾ.**

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി. മീറ്റിംഗുകളുടെ മിനിറ്റ്സ് മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ഐ സി ഡി എസ് സൂപ്പർവൈസർ വേണ്ടത്ര കാര്യക്ഷമത പുലർത്തിയില്ല.

വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 125555171/- രൂപയിൽ ചെലവഴിച്ചത് 46636431/- രൂപയാണ്. വാർഷിക പദ്ധതി ചെലവ് 37% മാത്രമാണ്.

സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 62 പ്രോജക്ടുകളിൽ 43 എണ്ണം നടപ്പാക്കി. അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 44439788/- രൂപയിൽ 30% തുക മാത്രമാണ് (13200158/-) ചെലവഴിച്ചത്. നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാത്തതാണ് ചെലവ് ഇത്രയും കുറയാൻ കാരണമായത്. ആകെ 4833784/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ "ക്യൂ" വിലായി.

നൂതന പ്രോജക്ടെന്ന നിലയിൽ സെക്രട്ടറി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ റോബോട്ട് സംവിധാനം, പ്രോജക്ടുകളുടെ അംഗീകാരത്തിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.84/2022/തസ്വഭവ തീ.19-04-2022) ഖ.3.8.5 ൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രത്യേക സംവിധാനത്തിന്റെ അംഗീകാരം ഇല്ലാതെയാണ് നടപ്പാക്കിയത്. ജലലഭ്യത ഉറപ്പാക്കാതെ കെട്ടിടം നിർമ്മിച്ച് നിലവിലും നിഷ്ക്രിയാവസ്ഥയിൽ തുടരുകയാണ് 7ാം മൈൽ ടേക്ക് എ ബ്രേക്ക് ശുചിത്വസമുച്ചയം.

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ കുട്ടികളുടെ പാർക്ക്, സെൻസിംഗ് ഗാർഡൻ തുടങ്ങിയ പ്രോജക്ടുകൾക്കായി കളിയുപകരണങ്ങൾ ഉൾപ്പെടെ വൻ തുക ചെലവഴിച്ച ഇനങ്ങൾ പോലും വാങ്ങിയത് ടെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന നടപടികൾ പോലും സ്വീകരിക്കാതെയാണ്.

ഏകവർഷ പ്രോജക്ടുകളായി ആരംഭിച്ച് പല പ്രോജക്ടുകളും വർഷങ്ങളായി സ്പിൽ ഓവറായി തുടരുകയും പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാകുന്നത്.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. .

**ലാപ്സായ ഗ്രാന്റ് തുകകൾ.**

സംരക്ഷണഗ്രാന്റ് റോഡിനത്തിൽ തൻവർഷം ലഭിച്ചത് 11940650/- രൂപയാണ്. എന്നാൽ വിവിധ പ്രവൃത്തികളിലായി ചെലവഴിച്ചത് 1961119/- മാത്രമാണ്. അതായത് ആകെ ചെലവഴിച്ചത് ഏകദേശം 16.42%. ലാപ്സായ തുക 9979531 രൂപ. എന്നാൽ വിവിധ പ്രോജക്ടുകളുടേതായി 4833784/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായിരുന്നു.

പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തികവർഷാവസാനം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2894418/ |
| വികസന ഫണ്ട്-എസ്.സി.പി | 2374494/ |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 9979531 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 2062259 |
| **ആകെ** | **17310702** |

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 16 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 10 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 659 പദ്ധതികളിൽ 116 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 46 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 31876 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 471 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർത്തടാധിഷ്ഠിത പ്രവൃത്തികളായ മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കുളം നിർമ്മിക്കൽ മുതലായ പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 680551.43 | 711601 | 1392152.43 | 1384287 | 7865.43 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 12781261 | 12781261 | 12781261 | 0 |
| **ആകെ** | **680551.43** | **13492862** | **14173413.43** | **14165548** | **7865.43** |

## 1-7 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 26100900 | 19839 |
| കർഷകതൊഴിലാളി പെൻഷൻ | 1598600 | 1037 |
| വിധവാപെൻഷൻ | 7407200 | 5908 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്ക് പെൻഷൻ | 505000 | 320 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2773100 | 1797 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി എലിക്കുളം ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെ സാന്നിധ്യത്തിൽ 19/09/2024 തീയതിയിൽ 03.30 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 43080/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 2024 ഓഗസ്റ്റ് വരെ തയാറാക്കിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല. പല ഡിമാന്റ് രജിസ്റ്ററുകളിലെയും തുകകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് ലിസ്റ്റ് മതിയായ വിവരങ്ങൾ ചേർത്ത് തയാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നു. നികുതി പിരിവിലുൾപ്പെടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം കൃത്യമായി വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. സെക്രട്ടറി നടപ്പാക്കിയ, പഞ്ചായത്തിൽ റോബോട്ടിക് സംവിധാനമേർപ്പെടുത്തൽ എന്ന പ്രോജക്ടിന് നൂതനപ്രോജക്ടെന്ന നിലയിൽ അംഗീകാരം വാങ്ങിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കിയ 7ാം മൈൽ ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയം കുഴൽകിണർ നിർമ്മിച്ചിട്ടും വെള്ളം ഇല്ലാത്തതിനാൽ നിഷ്ക്രിയാവസ്ഥയിൽ സംരക്ഷണമില്ലാതെ അവശേഷിക്കുന്നു. കേരളോത്സവം, ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ ചിലപ്രോജക്ടുകളുടെ ചെലവുതുകകൾ എന്നിവ പൂർണ്ണമായും ചിലവ്യക്തികളുടെ അക്കൗണ്ടിലേക്ക് മുൻകൂർ ചെലവഴിച്ചതിനാലെന്ന കാരണത്താൽ മാറി നല്കിയിരിക്കുന്നു. ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ വലിയതുകയുടെ വാങ്ങൽ പ്രവൃത്തികളിൽ ടെന്റർ ഉൾപ്പെടെ നടപടിക്രമങ്ങൾ പാലിച്ചില്ല. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല പ്രോജക്ടുകളും നടപ്പാക്കിയില്ല. മരാമത്ത് പ്രവൃത്തിയിൽ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാതെ ക്യൂ വിലായതിനാൽ സംരക്ഷണ ഗ്രാന്റ് റോഡ് ഇനത്തിൽ വലിയ തുക ലാപ്സായിട്ടുണ്ട്. കൂടാതെ വികസനഫണ്ട് എസ്.സി.പി യിലും ചെലവ് ശതമാനം വളരെ കുറവാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല.

ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ പാളിച്ചകൾ ഉണ്ടായിരുന്നതായി കാണപ്പെട്ടു. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-05-2022 | 01/2022 - 03/2022 | ADP/KTM/93/2022-PA1 തീയതി : 21-01-2023 |
| അക്കൗണ്ടന്‍റ് ജനറലിന്‍റെ ഓഡിറ്റ് | 18-09-2023 മുതൽ 29-09-2023 വരെ | 2018-19 മുതൽ 2022-23 വരെ | Audit-I/AMG-I/(HQ)II/8A-49/2023-24/119 തീയതി: 31-10-2023 |

പഞ്ചായത്ത് വകുപ്പ് തലത്തിലുള്ള ഇന്‍റേണൽ ഓഡിറ്റായ പെർഫോമൻസ് ഓഡിറ്റ് സർക്കാർ നിർത്തലാക്കിയതിനാൽ 2021-22 സാമ്പത്തിക വർഷ കാലയളവിന് ശേഷമുള്ള പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്‍റെ 22/03/2023-ലെ ജി.ഒ(എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കുകൾ നിർണ്ണയിച്ചത് എലിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതി 07/07/2023-ലെ 30ം നം. തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്. 01/08/2023 ലെ എസ്.സി2-2886/2023 നമ്പർ നടപടിക്രമം പ്രകാരം നിരക്കുകളുടെ അന്തിമ വിജ്ഞാപനം നടത്തി.

2023-24 ലെ സപ്ലിമെന്‍ററി അസസ്മെന്‍റ് ഡാറ്റാബേസ് പരിശോധിച്ചതിൽ 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് 2013 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്കിന്‍റെ 5% അധികരിച്ച നിരക്കാണ് നികുതി നിർണ്ണയിക്കുന്നതിന് ബാധകമാക്കിയിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത കെട്ടിടങ്ങൾക്ക് പരിഷ്കരിച്ച നികുതി ബാധകമാകാത്തതിനാൽ നികുതി നിരക്കിലുള്ള വ്യത്യാസം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിടത്തിന്‍റെ ഉപയോഗക്രമം | 2013 നികുതി നിരക്ക്(R) | 2023-24 നികുതി നിർണ്ണയിക്കപ്പെട്ട നിരക്ക് (R*1.05) | 2023-24 ൽ നിർണ്ണയിക്കേണ്ട പുതുക്കിയ നിരക്ക് (രൂപ) | വ്യത്യാസം ചതുരശ്ര മീറ്ററിന് |
|---|---|---|---|---|
| പാർപ്പിടാവശ്യം 300 ച.മീ. വരെ | 5/- | 5.25 | 7 | 1.75 |
| പാർപ്പിടാവശ്യം 300 ച.മീ. മുകളിൽ | 5/- | 5.25 | 11 | 5.75 |
| 100 ച.മീ. വരെയുള്ള വാണിജ്യാവശ്യം | 30/- | 31.5 | 45 | 13.5 |
| 100 ച.മീ. മുതൽ 500 ച.മീ. വരെ വാണിജ്യാവശ്യം | 50/- | 52.5 | 65 | 12.5 |

ഇപ്രകാരം പഴയ നിരക്കിൽ 01/04/2023 നു ശേഷവും നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ ഓരോ ചതുരശ്ര മീറ്ററിലും പട്ടികയിൽ സൂചിപ്പിച്ച പ്രകാരം കുറവുണ്ടാകുന്നതായി കാണുന്നു. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.03/2023-24/23-09-2024) നൽകിയതിന് മറുപടിയായി പുതുക്കിയ നിരക്കിൽ 169 കെട്ടിടങ്ങളുടെ നികുതി ക്രമീകരിക്കാനുണ്ടായിരുന്ന നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും ഡേറ്റാ പ്യൂരിഫിക്കേഷന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ആയത് പൂർണ്ണമായും ക്രമീകരിക്കുമെന്നും അറിയിച്ചു.

ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ ക്രമീകരണം Information Kerala Mission മുഖേന അടിയന്തിരമായി നടത്തേണ്ടതും നികുതി നിരക്ക് കൃത്യമാക്കി കുറവു വന്ന നികുതി 2023-24 ലെ

കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും ആയത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-12 നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാതെ ഉടമസ്ഥാവകാശം മാറ്റി നല്കി

2013-14 രണ്ടാം അർദ്ധ വർഷം മുതൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം 2023-24 വർഷത്തിൽ മാറ്റി നൽകിയപ്പോൾ നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാതെ തുടരുന്നതിനാൽ നികുതി ഡിമാന്റിൽ കുറവുണ്ടാകുന്നതായി കാണുന്നു. സി.പി. സുകുമാരൻ നായർ, പിണമറുകിൽ, പൊൻകുന്നം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/351, 10/351/A നമ്പറുകളിലായുള്ള കെട്ടിടം, ഉടമ മരണപ്പെട്ടതിനെ തുടർന്ന് 2023-24 വർഷം ഫയൽ നം.2836/20-04-2023 പ്രകാരം സുനിൽ കുമാർ പി. എ., പിണമറുകിൽ, പൊൻകുന്നം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലേക്ക് മാറ്റിയിട്ടുണ്ട്. 124 ചതുരശ്രമീറ്റർ വീതമുള്ള Ground Floor, First Floor എന്നിവ ഉൾപ്പെടെ ആകെ 248 ചതുരശ്രമീറ്റർ വാണിജ്യാവശ്യ കെട്ടിടം "100 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യാവശ്യം" എന്ന ഉപയോഗക്രമത്തിൽ 30/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെട്ടിരുന്നത്. എന്നാൽ ടി കെട്ടിടം "100 ചതുരശ്രമീറ്റർ മുകളിലുള്ള വാണിജ്യാവശ്യം" എന്ന ഉപയോഗക്രമത്തിൽ 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. 2023-24 ആദ്യ അർദ്ധവർഷം പ്രാബല്യത്തിൽ സുനിൽ കുമാർ പി. എ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലായ കെട്ടിടത്തിന്റെ നികുതിയിൽ നിലനിൽക്കുന്ന അപാകത ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|
| 10/351 **Ground Floor** | 30/- രൂപ നിരക്ക് (2013) 124 ച.മീ. 124*30=3720 20% വർദ്ധനവ് = 744 ആകെ നികുതി = 4,464/- Library Cess (5%) = 224/- ആകെ = 4,688/- രൂപ 2023-24 വർഷം 5% വർദ്ധന ഉൾപ്പടെ 4,923/- രൂപ | 50/- രൂപ നിരക്ക് (2013) 124 ച.മീ. 124*50=6200 20% വർദ്ധനവ് = 1240 ആകെ നികുതി = 7,440/- Library Cess (5%) = 372/- ആകെ = 7,812/- രൂപ 2023-24 വർഷം 5% വർദ്ധന ഉൾപ്പടെ 8,203/- രൂപ | നികുതി = 2,976/- Library Cess (5%) = 149/- ആകെ = 3,125/- രൂപ 2023-24 വർഷം 5% വർദ്ധന ഉൾപ്പടെ 3,280/- രൂപ |
| 10/351/A **First Floor** | 30/- രൂപ നിരക്ക് (2013) 124 ച.മീ. 124*30=3720 20% വർദ്ധനവ് = 744 ആകെ നികുതി = 4,464/- ബഹുനില കെട്ടിടം (95% നികുതി) = 4,241/- Library Cess(5%) = 212/- | 50/- രൂപ നിരക്ക് (2013) 124 ച.മീ. 124*50=6200 20% വർദ്ധനവ് = 1240 ആകെ നികുതി = 7,440/- ബഹുനില കെട്ടിടം (95% നികുതി) = 7,068/- Library Cess(5%) = 354/- ആകെ = 7,422/- രൂപ 2023-24 വർഷം 5% വർദ്ധന | നികുതി = 2,827/- Library Cess(5%) = 142/- ആകെ = 2,969/- രൂപ 2023-24 വർഷം 5% വർദ്ധന ഉൾപ്പടെ 3,118/- രൂപ |

| | | | |
|---|---|---|---|
| | ആകെ = 4,453/- രൂപ 2023-24 വർഷം 5% വർദ്ധന ഉൾപ്പടെ 4,676/- രൂപ | ഉൾപ്പടെ 7,794/- രൂപ | |
| **ആകെ** | **9,599/-** | **15,997/-** | **6,398/-** |

2023-24 വർഷം ഉടമസ്ഥാവകാശം മാറ്റപ്പെട്ട കെട്ടിടത്തിന് നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാതെ ഉടമസ്ഥത മാറ്റത്തിന്റെ നടപടികൾ പൂർത്തീകരിച്ച് നൽകിയത് മൂലം തൻവർഷം നികുതി ഡിമാന്റിൽ ലൈബ്രറി സെസ്സ് ഉൾപ്പടെ 6,398/- രൂപയുടെ കുറവുണ്ടായി. നികുതി നിർണ്ണയത്തിലെയും 2023-24 വർഷ ഡിമാന്റിലേയും അപാകതയ്ക്ക് വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/2023-24/24-09-2024) നൽകിയതിന് മറുപടിയായി കെട്ടിട ഉടമ 2023-24 വർഷത്തെ കുറവുവന്ന നികുതി ഒടുക്കാൻ സന്നദ്ധത അറിയിച്ചതായും എന്നാൽ നികുതി പരിഷ്കരണം പ്രാബല്യത്തിലായതിനാൽ നികുതി ഡേറ്റാബേസിൽ 01-04-2023 പ്രാബല്യത്തിൽ കൃത്യമായ നിരക്ക് നൽകാൻ കഴിയാത്ത അവസ്ഥയാണ് എന്നും സോഫ്റ്റ്‌വെയറിൽ ക്രമീകരണം സാധ്യമാകുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് നികുതി ഈടാക്കുമെന്നും അറിയിച്ചു.

മേൽപട്ടികയിലെ കെട്ടിടത്തിന്റെ നികുതി 01-04-2023 പ്രാബല്യത്തിൽ കൃത്യമാക്കേണ്ടതും 2023-24 വർഷം കുറവുവന്ന തുക കുടിശിക ഡിമാന്റ് ജനറേറ്റ് ചെയ്ത ശേഷം കുടിശിക വരുമാനമായി അക്രുവൽ ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. നികുതി നിരക്കും ഡിമാന്റ് തുകയും കൃത്യമാക്കിയ ശേഷം 31/03/2024 വരെയുള്ള നികുതി ഒടുക്കിയതിന്റെ രേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-13 വസ്തുനികുതിനിർണ്ണയത്തിൽ കെട്ടിടത്തിന്റെ മേഖലയും പ്രവേശനമാർഗ്ഗവും രേഖപ്പെടുത്തിയതിൽ അപാകത

01/04/2023 ലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഭരണസമിതിയുടെ 07/07/2023 ലെ 3-ാം നം. തീരുമാനത്തിൽ നികുതി നിരക്കുകൾ അന്തിമമാക്കുകയും മേഖല, റോഡുകളുടെ തരം തിരിവ് എന്നിവ മുൻപുണ്ടായിരുന്നത് പോലെ തുടരുന്നതിനുമാണ് നിശ്ചയിച്ചത്. വസ്തുനികുതി പരിഷ്കരണ ഫയൽ പരിശോധിച്ചതിൽ നിന്നും എലിക്കുളം ഗ്രാമ പഞ്ചായത്തിലെ പ്രഥമ മേഖല ഭൂപ്രദേശമായി നിർണ്ണയിച്ചിരിക്കുന്നത് പഞ്ചായത്ത് പ്രദേശത്തിന്റെ മധ്യഭാഗത്ത് കൂടി കടന്നുപോകുന്ന പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ (State Highway-8) ഭാഗമായ പാലാ- പൊൻകുന്നം റോഡിന്റെ ഇരു വശങ്ങളിലേക്കുമുള്ള 350 മീറ്റർ വരുന്ന പ്രദേശങ്ങൾ മാത്രമാണ്. റോഡുകളുടെ തരം തിരിവായി 5 മീറ്ററിൽ കൂടുതലുള്ള 53 റോഡുകൾ, 1.5 മീറ്ററിൽ കൂടുതലുള്ള 112 റോഡുകൾ, 1.5 മീറ്ററിൽ കുറവുള്ള 12 റോഡുകളും ലിസ്റ്റ് ചെയ്തിട്ടുണ്ട്.

2023-24 സപ്ലിമെന്ററി അസസ്മെന്റ് ഡേറ്റ പരിശോധിച്ചതിൽ നിന്നും മേഖല, റോഡിന്റെ തരം എന്നിവ തെറ്റായി കണക്കാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. ഉടമ | മേഖല | പ്രവേശന മാർഗ്ഗം |
|---|---|---|---|
| 1. | 1/323/A ഷിജോ മാത്യു | ദ്വിതീയം | പാലാ- പൊൻകുന്നം റോഡ് 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ |
| 2. | 10/371/A ബാലമുരളീകൃഷ്ണ | ദ്വിതീയം | പാലാ- പൊൻകുന്നം റോഡ് 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ |
| 3. | 1/364/A ലീലാമ്മ സെബാസ്റ്റ്യൻ | ദ്വിതീയം | പാലാ- പൊൻകുന്നം റോഡ് 5 മീറ്ററിൽ കൂടുതൽ |
| 4. | 1/379/A സി. ജെ. ജോസഫ് | ദ്വിതീയം | കുരുവിക്കൂട്- താഷ്കന്റ് റോഡ് |

| | | | |
|---|---|---|---|
| | | | 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ |
| 5. | 8/153/A ചാക്കോ തോമസ് | ദ്വിതീയം | പനമറ്റം-കൂരാലി റോഡ് 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ |
| 6. | 8/35/A സുനിൽ & ബിന്ദു | ദ്വിതീയം | പനമറ്റം-കൂരാലി റോഡ് 5 മീറ്ററിൽ കൂടുതൽ |

മേഖല, റോഡിന്റെ തരം എന്നിവ തെറ്റായി ചേർക്കുന്നത് മൂലം അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള വർദ്ധനവ്, ഇളവ് എന്നിവയിൽ മാറ്റം വരുന്നതിനാൽ നികുതി നിർണ്ണയത്തിൽ അപാകതയുണ്ടാകുന്നു. അപാകതകൾ താഴെ ചേർക്കുന്നു.

1. ക്രമ നം. 1,2,3 എന്നിവ ഒരേ റോഡ് വ്യത്യസ്തമായ കാറ്റഗറിയിൽ കണക്കാക്കിയിരിക്കുന്നു. പഞ്ചായത്ത് ഭൂപ്രദേശത്തുകൂടി കടന്നുപോകുന്ന ഏറ്റവും പ്രധാന പാതയാണ് പാലാ-പൊൻകുന്നം റോഡ്. ക്രമ നം. 1,2 എന്നിവയിൽ 20% നികുതി വർദ്ധനവ് ബാധകമായിട്ടില്ല.
2. ക്രമ നം. 1,2,3 എന്നിവ പാലാ-പൊൻകുന്നം റോഡ് പ്രവേശനമാർഗ്ഗമായിരിക്കെ ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മേൽപറഞ്ഞ ഭരണസമിതി തീരുമാന പ്രകാരം പാലാ-പൊൻകുന്നം റോഡിന്റെ ഇരുവശങ്ങളിലേക്കും 350 മീറ്റർ വീതം പ്രഥമ മേഖലയാണ്. മേഖല കണക്കാക്കിയതിലെ അപാകത മൂലം വസ്തുനികുതിയിൽ അനധികൃതമായി ഇളവ് നൽകപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നു.
3. ക്രമ നം. 4 കെട്ടിടത്തിന്റെ പ്രവേശനമാർഗ്ഗമായ കുരുവിക്കൂട്-താഷ്കന്റ് റോഡ് 1.5 മീറ്റർ മുതൽ 5 മീറ്റർ വരെയുള്ള റോഡ് എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയലിലെ 5 മീറ്ററിൽ കൂടുതലുള്ള റോഡിന്റെ ലിസ്റ്റിലെ ക്രമ നം.30 ആയി കാണുന്നത് കുരുവിക്കൂട്-താഷ്കന്റ് റോഡാണ്. റോഡിന്റെ തരം കണക്കാക്കിയതിലെ അപാകത മൂലം 20% നികുതി വർദ്ധനവ് ബാധകമായിട്ടില്ല.
4. ക്രമ നം. 5 കെട്ടിടത്തിന്റെ പ്രവേശനമാർഗ്ഗമായ പനമറ്റം-കൂരാലി റോഡ് 1.5 മീറ്റർ മുതൽ 5 മീറ്റർ വരെയുള്ള റോഡ് എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയലിലെ 5 മീറ്ററിൽ കൂടുതലുള്ള റോഡിന്റെ ലിസ്റ്റിലെ ക്രമ നം. 26 ആയി കാണുന്നത് പനമറ്റം-കൂരാലി റോഡാണ്. റോഡിന്റെ തരം കണക്കാക്കിയതിലെ അപാകത മൂലം 20% നികുതി വർദ്ധനവ് ബാധകമായിട്ടില്ല.
5. ക്രമ നം. 5,6 എന്നിവ ഒരേ റോഡ് തന്നെ വ്യത്യസ്ത കാറ്റഗറിയായി കണക്കാക്കിയതിന് ഉദാഹരണമാണ്.

ഇപ്രകാരം 2023-24 ലെ വിവിധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ മേഖല, പ്രവേശന മാർഗ്ഗം എന്നിവ കണക്കാക്കിയതിലെ അപാകത മൂലം നികുതി വർദ്ധനവ് ബാധകമാകാതെ വരികയും അനധികൃത നികുതിയിളവ് നൽകപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപാകത മൂലം നിർണ്ണയിച്ച വസ്തുനികുതിയിൽ ഗണ്യമായ തുകയുടെ വ്യത്യാസമുണ്ടായി. പഞ്ചായത്തിന് ബാധകമായ വിജ്ഞാപനം ചെയ്യപ്പെട്ട മേഖല, പ്രവേശനമാർഗ്ഗം എന്നിവ തെറ്റായി കണക്കാക്കിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/2023-24/23-09-2024) നൽകിയതിന് കൃത്യമായ സ്ഥലപരിശോധന നടത്തി നികുതി ഇളവ്, വർദ്ധന എന്നിവയുടെ കൃത്യത ഉറപ്പാക്കുമെന്ന് അറിയിച്ചു.

31/03/2024 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ മേഖല, റോഡ് വിഷയങ്ങളിലെ വസ്തുനികുതി ഇളവ്, വർദ്ധന എന്നിവയുടെ കൃത്യത ഡേറ്റാബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അനധികൃതമായി വസ്തുനികുതി ഇളവ്, നൽകേണ്ട വർദ്ധനവ് ബാധകമാകാതിരിക്കുക തുടങ്ങിയ അപാകതകൾ പരിഹരിച്ച് നികുതി ഡേറ്റാബേസ് കൃത്യമാക്കിയ ശേഷം വിശദമായ മറുപടി നൽകേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്കരണത്തിന്റെ അനുബന്ധമായ ഫീൽഡ് പരിശോധന നടത്തുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 തീയതിയിലെ സ.ഉ.(കൈ) 77/2023 പ്രകാരം 31/03/2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഫോറം 9B പ്രകാരം) കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരിന്നു. ഗ്രാമപഞ്ചായത്തിൽ അപ്രകാരം ഫീൽഡ് പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഒന്നും വസ്തുനികുതി പരിഷ്കരണ ഫയലിൽ ലഭ്യമല്ല. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ പഞ്ചായത്തിലെ

ആറാം വാർഡിലുള്ള രണ്ട് മൊബൈൽ ടവറുകൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ വസ്തുനികുതി ഡേറ്റാബേസ് പ്രകാരം ആറാം വാർഡിൽ മൊബൈൽ ടവർ റഗുലറൈസ് ചെയ്ത് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഫീൽഡ് പരിശോധന നടത്തി വസ്തുനികുതി ഡേറ്റാബേസിലെ അപാകതകൾ പരിഹരിക്കാതെ തുടരുന്നതിന് വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2023-24/23-09-2024) നൽകിയതിന് വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായ ഫീൽഡ് പരിശോധനയിൽ 150 ഓളം കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതായും ആറാം വാർഡിലുള്ള ടവറുകൾ ക്രമീകരിച്ച് നികുതി നിർണ്ണയിക്കാനുള്ള നടപടികൾ ആരംഭിച്ചതായും അറിയിച്ചു.

10000 എണ്ണത്തിലധികം വസ്തുനികുതി അസസ്മെന്റുകളുള്ള എലിക്കുളം ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ വസ്തുനികുതി ഡേറ്റയുടെ ഫീൽഡ് പരിശോധന പൂർത്തിയാക്കി അപാകത കണ്ടെത്തുന്ന കെട്ടിടങ്ങളുടെ റഗുലറൈസേഷനും നടത്തേണ്ടതാണ്. ഫീൽഡ് പരിശോധന ഡാറ്റയുടെ അടിസ്ഥാനത്തിൽ നികുതി ഡേറ്റാബേസിന്റെ പ്യൂരിഫിക്കേഷനും നടത്തേണ്ടതാണ്. മേൽവിവരിച്ച പ്രകാരമുള്ള നടപടികൾ എല്ലാം പൂർത്തീകരിച്ച ശേഷം വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-15 സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല-തൊഴിൽ നികുതി ചുമത്തലിൽ അപാകത

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ചുമത്തുന്നതിന് ആധാരമാക്കേണ്ട അടിസ്ഥാന രേഖയായ സ്ഥാപന ലിസ്റ്റ് (Institution List) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രകാരം 70 സ്ഥാപനങ്ങളെയാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത സ്ഥാപന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അവയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ തൻവർഷം 12.15 ലക്ഷം രൂപ വരുമാനം ലഭിച്ചത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ജീവനക്കാർ ജോലി ചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എലിക്കുളം പ്രദേശത്തുള്ള വിവിധ മേഖലകളിലുള്ള സ്ഥാപനങ്ങൾ നികുതി പരിധിയിൽ ഉൾപ്പെടാത്തതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഗ്രേസ് എഞ്ചിനീയേഴ്സ് & ഡിസൈനേഴ്സ്, കൂരാലി |
| 2. | CSC ഡിജിറ്റൽ സേവ കേന്ദ്രം, കൂരാലി |
| 3. | ഗ്രേഴ്സ് ഡെന്റൽ കെയർ, കൂരാലി |
| 4. | വാസ്തുസരണി ആർക്കിടെക്റ്റ്സ് & എഞ്ചിനീയേഴ്സ്, കൂരാലി |
| 5. | DC കൺസൾട്ടൻസി, അക്കൗണ്ടിങ്ങ് സ്ഥാപനം-എലിക്കുളം |
| 6. | ട്രീസാസ് ഡെന്റൽ കെയർ ദന്താശുപത്രി, കൂരാലി |

മേൽപറഞ്ഞതുൾപ്പടെ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടത്തിന് ഇടയാക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ Institution List ലും Traders List ലും ഉൾപ്പെടാത്ത സാഹചര്യത്തിൽ അവയുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ഈടാക്കാൻ കഴിയാതെ വരുന്നു. ഈ വിഷയത്തിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/2023-24/26-09-2024) മറുപടി ലഭിച്ചില്ല.

മേൽ പട്ടികയിലേത് ഉൾപ്പടെയുള്ള വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ് (List Of Institutions) 2023-24 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതാണ്. പുതുതായി ഉൾപ്പെടുത്തുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2023-24 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ അടവാക്കേണ്ടതാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം സ്ഥാപനങ്ങളുടെ 2023-24 ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി

അടവാക്കേണ്ടതാണ്. പരിഹാര നടപടികൾ പൂർത്തിയാക്കി അംഗീകരിച്ച സ്ഥാപന ലിസ്റ്റും ബന്ധപ്പെട്ട കുടിശിക ഡി.സി.ബി.-യും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

എലിക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് കരാർ വച്ച, നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/ കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | തമ്പി തോമസ് |
| 2. | അൽഫോൺസ് ജോർജ് |
| 3. | ജോയി എബ്രഹാം |
| 4. | ജിൻസ് ജോർജ് |
| 5. | ചെല്ലത്തുറായ് എ. |
| 6. | ജോസഫ് കുര്യൻ |
| 7. | ദിൽകുഷ് വി. റ്റി. |
| 8. | മെജോ മാത്യു |

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്ത് പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/2023-24/24-09-2024) മറുപടിയായി ക്രമ നം. 2,3,4,8 കരാറുകാരുടെ 2023-24 നികുതി ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് 25-09-2024 ൽ ഒടുക്കിയതായും ബാക്കിയുള്ളവരുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുമെന്നും അറിയിച്ചു.

പട്ടികയിലെ ക്രമനം. 1,5,6,7 കരാറുകാരുടെ തൊഴിൽ നികുതി 2023-24 വർഷത്തേത് നടപ്പ് വർഷം കുടിശികയായി Prior Period Tax റവന്യൂ ശീർഷകത്തിൽ അടവാക്കിയ ശേഷം ആയതിന്റ Collection Statemenet, നികുതി ഒടുക്കിയ രസീതുകൾ എന്നിവ സാക്ഷ്യപ്പെടുത്തി മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-17 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക നടപടികളിലെ അപാകതകൾ

2023-24 ലെ വാടക ഡിമാന്റ് രജിസ്റ്റർ, എഗ്രിമെന്റുകൾ എന്നിവ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സിലെ 9 മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. 154,116/- രൂപ വാടക ഡിമാന്റ് ചെയ്തതിൽ മുഴുവൻ തുകയും തൻവർഷം തന്നെ ഒടുക്കിയിട്ടുണ്ട്. വാടക ഡി.സി.ബി., എഗ്രിമെന്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ നിലവിലില്ല. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം അംഗീകൃത ബൈലോ പ്രകാരമാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകേണ്ടത്.

2. 31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം 38,010/- രൂപയാണ് വാടക നിക്ഷേപമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത്. വാടക ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം തൻവർഷം 9 മുറികൾ കൈവശം വച്ചിരുന്ന കുത്തകക്കാരുടെ 28,500/- രൂപയുടെ നിക്ഷേപമാണുള്ളത്. ബാക്കിയുള്ള 9,510/- രൂപയുടെ വാടക നിക്ഷേപം ആരുടേതാണ് എന്ന് വ്യക്തതയില്ല. 1.5 ലക്ഷത്തിലധികം വാർഷിക വാടക ഡിമാന്റുള്ളപ്പോൾ കുത്തകക്കാർ കുടിശിക വരുത്തിയാൽ വാടക ഈടാക്കാൻ തക്ക വിധം നിക്ഷേപ തുക പര്യാപ്തമല്ല എന്ന് കാണുന്നു.

3. 2023-24 വർഷം മുഴുവൻ വാടക തുകയും ഈടാക്കിയെങ്കിലും മുൻവർഷങ്ങളിലെ വാടക കുടിശികയായി 17,728/- രൂപ 31/03/2024 ൽ നിലനിൽക്കുന്നു. പ്രസ്തുത കുടിശിക ഏത് കുത്തകക്കാരന്റെയാണ് എന്നും ഏത് കാലയളവിലെ വാടകയാണ് എന്നും ഡിമാന്റ് രജിസ്റ്ററിൽ

ചേർത്തിട്ടില്ല. കൃത്യമായ വാടക നിക്ഷേപം ഇല്ലാതെ മുറികൾ കുത്തകക്കാർക്ക് നൽകുന്നതാണ് ഇപ്രകാരം കുടിശിക ഈടാക്കാൻ കഴിയാതെ കരാർ ഒഴിയുന്നതിന് കാരണം.

4. വാടക എഗ്രിമെന്ററുകൾ ഭൂരിഭാഗം എണ്ണവും കുത്തകക്കാരനും സാക്ഷികളും കയ്യൊപ്പ് രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്. കരാർ രേഖകൾ വ്യവസ്ഥകൾ ഉൾപ്പെടുത്തി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നത് ഭാവിയിൽ നിയമപ്രശ്നങ്ങൾക്ക് ഇടയാക്കാവുന്നതാണ്.

വാടക സംബന്ധിച്ച മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.21/2023-24/26-09-2024) നൽകിയതിന് മറുപടി ലഭിച്ചില്ല.

ഷോപ്പിങ്ങ് കോംപ്ലെക്സുകളുടെ വാടക ബൈലോ തയ്യാറാക്കി LSGD Joint Director (കോട്ടയം) മുഖേന അംഗീകാരം വാങ്ങി നടപടികൾ ക്രമീകരിക്കേണ്ടതാണ്. വാടക കരാറുകൾ തയ്യാറാക്കുന്നതിലെ അപാകതകളും പരിഹരിച്ച് നിയമ പ്രശ്നങ്ങൾ ഒഴിവാക്കേണ്ടതാണ്. വാർഷിക വാടകയ്ക്ക് ആനുപാതികമായ വാടക നിക്ഷേപം എല്ലാ കുത്തകക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കേണ്ടതും കുടിശിക വരുത്തിയാൽ നിക്ഷേപം ക്രമീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. നിലനിൽക്കുന്ന വാടക കുടിശിക 17,728/- രൂപ ആരുടേതാണ് എന്ന് കണ്ടെത്തി അടിയന്തിരമായി പിഴപ്പലിശ ഉൾപ്പടെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ ശേഷം വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്. ക്രമ നം.1,2,4 അപാകതകളുടെ പരിഹാര നടപടി പൂർത്തിയായ ശേഷം ആയതിന്റെ വിശദാംശം ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗ്ലെന്റോക്ക് റബ്ബർ കമ്പനിയുടെ മെഷീനറി ഫീസ് കണക്കാക്കിയതിൽ അപാകത

എലിക്കുളം ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് മല്ലികശ്ശേരിയിൽ പ്രവർത്തിക്കുന്ന Glenrock Rubber Products (P) Ltd. റബ്ബർ ഉൽപന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കമ്പനിയാണ്. 2023-24 വർഷം ടി കമ്പനിയുടെ IFTE&OS ലൈസൻസ് അനുവദിച്ചപ്പോൾ ലൈസൻസ് ഫീസ്, മെഷീനറി റണ്ണിങ്ങ് ഫീസ് എന്നിവ കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ 07-06-2023 ലെ KSPCB/KT/ICO/10027444/2023 നം. സർട്ടിഫിക്കറ്റ് പ്രകാരം കമ്പനിയുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

സ്കെയിൽ-Large
കാറ്റഗറി-Orange
മൂലധന നിക്ഷേപം-41 കോടി
മെഷീനറി-6177 HP

2018 ലെ IFTE&OS ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലാർജ് എന്റർപ്രൈസസിന് 15,000/- രൂപ ലൈസൻസ് ഫീസും 6177 HP മെഷിനറി പ്രവർത്തിപ്പിക്കുന്നതിന് 61,770/- രൂപ മെഷിനറി റണ്ണിങ്ങ് ഫീസും കൂടി 76,770/- രൂപ ചുമത്താവുന്നതായിരുന്നു. എന്നാൽ 2023-24 വർഷം 64,600/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ മാത്രമായിട്ടാണ് പഞ്ചായത്ത് ഈടാക്കിയത്(ഫയൽ നം.1352/23). ആയതിനാൽ 12,170/- രൂപ പ്രസ്തുത ലൈസൻസ്/മെഷിനറി ഫീസ് വരുമാനത്തിൽ കുറവുണ്ടായി. മെഷീനറി കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ടി വർഷം മെഷീനറി ഇൻസ്റ്റലേഷൻ ഫീസ് ഈടാക്കേണ്ടതായിരുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.28/2023-24/27-09-2024) നൽകിയതിന് മറുപടി ലഭ്യമായില്ല.

ടി വിഷയം 27-09-2024 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ തുടർപരിശോധന നടത്തി നടപടി സ്വീകരിക്കുമെന്നാണ് ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും അറിയിച്ചത്. 2023-24 വർഷം അടവാക്കിയ ലൈസൻസ് ഫീസ് 64,600/- രൂപയിൽ 49,600/- മെഷീനറിയുടെയും 15,000/- ലൈസൻസ് ഫീസുമാണ് എന്നാണ് ഫയലിൽ ചേർത്തിരിക്കുന്നത്. 4960 HP മെഷീനറി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫീസാണ് ഈടാക്കിയിട്ടുള്ളത്. മേൽപറഞ്ഞ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഷീനറി കപ്പാസിറ്റി 6177 HP എന്നത് കമ്പനി 1217 HP മെഷിനറി 2023-24 വർഷം വർദ്ധിപ്പിച്ചതാണ് എങ്കിൽ 12,170/- രൂപ ഇൻസ്റ്റലേഷൻ ഫീസായി തൻവർഷം ഈടാക്കേണ്ടതായിരുന്നു. തുടർപരിശോധന നടത്തി വിവരങ്ങൾ സ്ഥിരീകരിച്ച് വിശദാംശം കമ്പനിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. 2023-24 ൽ ഒടുക്കേണ്ടിയിരുന്ന മെഷീനറി ഇൻസ്റ്റലേഷൻ ഫീസ് 12170/- രൂപ നടപ്പ് വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് ഓഡിറ്റ് റിക്കവറി (Audit Recovery) റവന്യൂ ശീർഷകത്തിൽ അടവാക്കിയ ശേഷം വിശദാംശം ഓഡിറ്റിനെ മറുപടിയിൽ അറിയിക്കേണ്ടതാണ്. തുടർവർഷം മുതൽ മെഷീനറി ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിലെ സ്പെസിഫിക്കേഷൻ ആധാരമാക്കേണ്ടതാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 നികുതി-നികുതിയേതര തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ

2023-24 സാമ്പത്തിക വർഷം 67.46 ലക്ഷം രൂപ നികുതി വരുമാനവും 57.5 ലക്ഷം രൂപ നികുതിയിതര വരുമാനവും ഉൾപ്പടെ ആകെ 1.25 കോടി രൂപയുടെ തനത് വരുമാനമാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിനുള്ളത്. തനത് വരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ശുപാർശകൾ ചുവടെ വിവരിക്കുന്നു.

**വസ്തുനികുതി**
വസ്തുനികുതിയിനത്തിൽ 51.77 ലക്ഷം രൂപ ഡിമാന്റ് ചെയ്തതിൽ 90% ൽ അധികം തൻവർഷം തന്നെ പിരിച്ചെടുത്തിട്ടുണ്ട്. വസ്തുനികുതി ഡേറ്റാബേസിലെ അപാകതകളും 01/04/2023 പ്രാബല്യത്തിലുള്ള നികുതി നിരക്കും കൃത്യമാക്കി ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തേണ്ടതാണ്. വസ്തുനികുതി ഡേറ്റ കൃത്യമാക്കി തനത് നികുതി വരുമാന സ്രോതസ്സ് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

**തൊഴിൽ നികുതി (ജീവനക്കാർ/സ്ഥാപനങ്ങൾ)**
പഞ്ചായത്ത് ഡിമാന്റ് ചെയ്ത ജീവനക്കാരുടെ നികുതി അതാത് വർഷം ഒടുക്കാതിരിക്കുന്നത് ജീവനക്കാർക്ക് സ്ഥലം മാറ്റമടക്കമുള്ള നടപടികൾ ഉള്ളതിനാൽ പിന്നീട് ഈടാക്കുന്നതിന് സങ്കീർണ്ണതകളിലേക്ക് നയിക്കും. കൂടാതെ ജീവനക്കാരുടെ തൊഴിൽ നികുതി അക്രുവൽ ചെയ്യാത്ത വരവിനം ആയതിനാൽ വാർഷിക കണക്കുകളിൽ കുടിശിക ഡിമാന്റ് നിലനിൽക്കുകയുമില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി Institution List പരിഷ്കരിക്കേണ്ടതും സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള നികുതിയും ജീവനക്കാരുടെ നികുതിയും സമയബന്ധിതമായിത്തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

**IFTE&OS-ലൈസൻസ്**
പഞ്ചായത്തിന്റെ 2023-24 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, Traders List എന്നിവ പ്രകാരം 328 ട്രേഡർമാരാണ് ലൈസൻസ് ഡിമാന്റിലുള്ളത്. 274,360/- രൂപ ലൈസൻസ് ഫീസും 272,590/- രൂപ ട്രേഡേഴ്സ് തൊഴിൽ നികുതിയുമാണ് ഡിമാന്റ് ചെയ്തത്.
തുടർ വർഷം മുതൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് ക്രമീകരിച്ച് വാർഡ് തിരിച്ച് ലൈസൻസ് - തൊഴിൽ നികുതി ഡിമാന്റുകൾ കണക്കാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കേണ്ടതുമാണ്. പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള നികുതി നിർണ്ണയങ്ങൾ എല്ലാം ലൈസൻസ് പരിധിയിലും ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

**ബിൽഡിങ്ങ് പെർമിറ്റ്/റെഗുലറൈസേഷൻ**
വാണിജ്യാവശ്യത്തിനുള്ള ബിൽഡിങ്ങുകൾ നികുതി ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ പിന്നീട് ഏതെങ്കിലും ഉപയോഗക്രമത്തിൽ ഉടമ പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന പരിശോധന (Post Occupancy Inspection) നടത്താവുന്നതും ആവശ്യമായ തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.
ഗ്രാമപഞ്ചായത്ത് ഭരണസമിതി, ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി എന്നീ അതോറിറ്റികൾ പഞ്ചായത്ത് തനത് വരുമാന സ്രോതസ്സുകളുടെ പ്രയോജനപ്പെടുത്തലുകൾ വലയിരുത്തി മേൽ വിവരിച്ച ശുപാർശകളിൻമേൽ ഉൾപ്പടെ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേമെന്റ്/Swiping Machine പേമെന്റ് സംവിധാനം - അക്കൗണ്ടുകളിലെ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **21.07.2023** ലെ **No.LSGD/PD/20073/2023-REV2** നം ഉത്തരവു പ്രകാരം **BHIM-UPI** അധിഷ്ഠിത ഡിജിറ്റൽ പേമെന്റിനായി മാത്രം ഒരു പ്രത്യേക കറണ്ട് അക്കൗണ്ട് ആരംഭിക്കാനും എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിത ഉത്തരവു പ്രകാരം **BHIM-UPI** അധിഷ്ഠിത ഡിജിറ്റൽ പേമെന്റ്, **Swiping Machine** പേമെന്റ്, എന്നിവയ്ക്കായി രണ്ട് അക്കൗണ്ടുകൾ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക്/അക്കൗണ്ട് നം. | ഇനം | 26/09/2024 തീയ്യതി പ്രകാരമുള്ള ബാലൻസ് തുക |
|---|---|---|---|
| 1 | എസ്.ബി.ഐ, ഇളംകുളം ബ്രാഞ്ച് 42177863951 | **BHIM-UPI** അധിഷ്ഠിത ഡിജിറ്റൽ പേമെന്റ് | 16,40,838/- |
| 2 | എച്ച്.ഡി.എഫ്.സി, പൊൻകുന്നം ബ്രാഞ്ച് 50100410924151 | Swiping Machine പേമെന്റ് | 7,49,820/- |
| **ആകെ** | | | **23,90,658/-** |

ടി അക്കൗണ്ടുകളിലെ തുകകൾ പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ/നിലവിലെ ബാലൻസ് തുക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം02/23.09.2024) മറുപടിയായി 26/09/2024 തീയ്യതി പ്രകാരമുള്ള ടി അക്കൗണ്ടുകളിലെ ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയും തുകകൾ പൊരുത്തപ്പെടുത്തൽ നടത്തി തനത്

ഫണ്ടിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് അറിയിയ്ക്കുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടുകളിലെ തുകകൾ പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-21 ഇ-ടെന്ററർ ഫീസ് ലഭ്യമായില്ല.**

2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെന്ററർ ഫീസ് എക്സി.എൻജിനീയർ എൽ.ഐ.ഡി&ഇ.ഡബ്ല്യു, കോട്ടയത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഇ-ടെന്ററർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള 167288/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് അക്കൗണ്ട് നമ്പരുൾപ്പെടെ ചേർത്ത് 23-11-2022 ലെ 400502/DPDC 01/GPO/2022/6160/(1) നമ്പരായി എക്സി.എൻജിനീയർക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നല്കിയിരുന്നതായി ഇതു സംബന്ധിച്ച ഫയലിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ നാളിതുവരെ ടി തുക ലഭിച്ചിട്ടില്ലയെന്ന് 27-09-2024 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു.

തുടർനടപടികൾ സ്വീകരിച്ച് തുക പഞ്ചായത്തിന് ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-22 വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാതെ ബാക്കിയായ നിക്ഷേപ തുക സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല.**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികകണക്ക് ബി 9 ഷെഡ്യൂൾ പ്രകാരമുള്ള തുക 332,352/- രൂപയുടെ (ശീർഷകം 350400999-Refund Of Unutilised Grants Prior Period) കൃത്യത വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/2023-24 – വാർഷിക കണക്കുകളുടെ അപാകത) മറുപടിയായി ടി തുക പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജലവകുപ്പിൽ നിക്ഷേപിച്ചതിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച തുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം./പേര്/ | ഫണ്ടിനം | അടവാക്കിയ തുക | യു.സി നം/ തീയ്യതി -ചെലവഴിക്കാതെ ബാക്കിയായ തുക |
|---|---|---|---|---|
| 1 | 199/22 വിവിധ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 10,07,091/- | GWK/422/2022 Dated 20/12/2022 2,78,746/- |
| 2 | 198/22 ആയുർവേദ ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 2,50,000/- | GWK/423/2022 Dated 20/12/2022 25,264/- |
| 3 | 197/22 വെറ്ററിനറി ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 2,50,000/- | GWK/424/2022 Dated 20/12/2022 28,342/- |
| **ആകെ** | | | | **332,352/** |

തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 നിക്ഷേപപ്രവൃത്തികൾ -ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വില്ലേജ് ഹട്ടിന് കുഴൽകിണർ നിർമാണവും മോട്ടോർ വാങ്ങലും, നാലാംമൈൽ ടേക്ക് എ ബ്രേക്ക് -കുഴൽകിണറിന് മോട്ടർ വാങ്ങൽ എന്നീ പ്രൊജക്കുകൾക്ക് താഴെ കൊടുത്തിരിക്കും പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ, പേര് | 328/24, വില്ലേജ് ഹട്ടിന് കുഴൽകിണർ നിർമാണവും മോട്ടോർ വാങ്ങലും | 269/24, നാലാംമൈൽ ടേക്ക് എ ബ്രേക്ക് -കുഴൽകിണറിന് മോട്ടർ വാങ്ങൽ |
|---|---|---|
| | | |

| | | |
|---|---|---|
| അടങ്കൽ, ഫണ്ടിനം | 225000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് | 67874/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ്, ഫണ്ടിനം | 225000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് | 67874/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം., തീയതി | 225000-226/20.2.24 | 67874-135/8.12.23 |

പ്രോജക്ടുകൾക്കായി ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നം. 328/24 -വില്ലേജ് ഹട്ടിന് കുഴൽകിണർ നിർമാണവും മോട്ടോർ വാങ്ങലും പ്രവൃത്തിയിൽ 8939/- രൂപയും 269/24, നാലാംമൈൽ ടേക്ക് എ ബ്രേക്ക് -കുഴൽകിണറിന് മോട്ടർ വാങ്ങൽ പ്രവൃത്തിയ്ക്ക് 18272/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് വിനിയോഗ സാക്ഷ്യപത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/23.9.24) തുക തിരികെ ലഭ്യമാക്കാനായി പഞ്ചായത്തിന്റെ അക്കൗണ്ട് നമ്പർ സഹിതം ഭൂജല വകുപ്പിൽ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 27211/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബാലൻസ് തുക തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-24 ഫ്രണ്ട് ഓഫീസ് സഹായത്തിന് റോബോട്ടിക് സംവിധാനം-നൂതന പ്രൊജക്ടിന് അംഗീകാരം നേടിയില്ല.</u>**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിൽ ഫ്രണ്ട് ഓഫീസ് സഹായത്തിന് റോബോട്ടിക് സംവിധാനം എന്ന പ്രോജക്ടിന് താഴെ കൊടുത്തിരിക്കും പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 309/24, പഞ്ചായത്ത് ഓഫീസിൽ ഫ്രണ്ട് ഓഫീസ് സഹായത്തിന് റോബോട്ടിക് സംവിധാനം |
| അടങ്കൽ തുക, ഫണ്ടിനം | 250000,വികസനഫണ്ട് (പൊതുവിഭാഗം), 50000, തനത് ഫണ്ട് |
| ചെലവ് തുക, ഫണ്ടിനം | 158199, വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം., തീയതി | 71908-105/1.11.23, 86291-161/27.12.23 |

പഞ്ചായത്തിലെ വിവിധ സേവനങ്ങൾ സംബന്ധിച്ച സഹായങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള വഴികാട്ടിയായി റോബോട്ടിക് സംവിധാനം ഏർപ്പെടുത്തുന്നതിനായി രൂപീകരിച്ച പ്രൊജക്ട് നടപ്പാക്കുന്നതിലേക്കായി സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാത്താമുട്ടം എന്ന സ്ഥാപനത്തിന് മേൽ സൂചിപ്പിച്ച പ്രകാരം തുക നൽകുകയും റോബോട്ടിക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നൂതന (Innovative) പ്രോജക്ടായി അവതരിപ്പിച്ച പ്രസ്തുത പ്രൊജക്ടിന് സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ. തീയതി 19.4.22 ഖ.3.8.5 അനുശാസിക്കും പ്രകാരമുള്ള അംഗീകാരം നേടാതെയാണ് നടപ്പിലാക്കിയിട്ടുള്ളത്.

2. പദ്ധതി നടത്തിപ്പിനായി സെന്റ് ഗിറ്റ്സ് കോളജിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3. സെന്റ് ഗിറ്റ്സ് കോളജ് ലഭ്യമാക്കിയ ക്വട്ടേഷനിൽ റോബോട്ടിന്റെ കൺട്രോളിനായി മൊബൈൽ ആപ്ലിക്കേഷനും വെബ് ബേസ്ഡ് ഇന്റർഫേസും ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രവർത്തന ക്ഷമമമായിട്ടില്ല.

4. റോബോട്ടിക് സംവിധാനത്തിന്റെ തുടർ പരിപാലനം നടപ്പാക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമായില്ല.

5. ഓഫീസ് ഇടപാടുകൾക്ക് പൊതുജനങ്ങൾ റോബോട്ടിന്റെ സേവനം പ്രയോജനപ്പെടുത്തുന്നത് ഉറപ്പാക്കാൻ ഫയലിൽ നിന്ന് സാധിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/23.9.24) പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും പൊതുജന സൗഹൃദമാക്കുന്നതിനുമായി ആവിഷ്കരിച്ച നൂതന പ്രൊജക്ടെന്ന നിലയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും കേരളത്തിൽ ആദ്യമായി ഈ സംവിധാനം ഏർപ്പെടുത്തിയ പഞ്ചായത്തെന്ന നിലയ്ക്ക് പഞ്ചായത്ത് ദിനാഘോഷം നടന്നപ്പോഴും ഇന്ററൻനാഷണൽ റോബോട്ടിക് കോൺക്ലേവിലും ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭിച്ചു. നിലവിൽ ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ള സർക്കാർ അംഗീകൃത ഏജൻസിയോ, എംപാനൽ ചെയ്ത സ്ഥാപനമോ ലഭ്യമല്ലാത്തതിനാൽ മികച്ച അദ്ധ്യായന നിലവാരം പുലർത്തുകയും റോബോട്ടിക് ഗവേഷണരംഗത്ത് നിലവാരം പുലർത്തുന്നതുമായ സ്ഥാപനമെന്ന നിലയ്ക്കാണ് സെന്റ് ഗിറ്റ്സ് കോളജിനെ തെരഞ്ഞെടുത്തതെന്നും വിദ്യാർത്ഥികൾക്ക് ഇതൊരു പ്രവർത്തന പരിചയം നേടാനുള്ള അവസരമായിട്ടുണ്ടെന്നും അറിയിച്ചു. റോബോട്ടിക് സംവിധാനത്തിന്റെ തുടർ ഘട്ടങ്ങൾ നടപ്പാക്കി കൂടുതൽ പ്രയോജനപ്രദമാക്കാൻ ലക്ഷ്യമിടുന്നുണ്ടെന്നും റോബോട്ടിക് കൺട്രോളിനായി മൊബൈൽ ആപ്ലിക്കേഷനും വെബ് ബേസ്ഡ് ഇന്റർഫെയിസും ലഭ്യമാക്കുമെന്ന് സെന്റ് ഗിറ്റ്സ് കോളജ് വ്യക്തമാക്കിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു.

ടെക്നോളജി അപ്ഗ്രഡേഷൻ, ഇന്നോവേഷൻ, സദ്ഭരണം എന്നിവ ലക്ഷ്യമാക്കി നടപ്പാക്കിയ നൂതന പ്രൊജക്ടാണ് ലക്ഷ്യമിട്ടതെന്ന് അംഗീകരിക്കുന്നു. എന്നാൽ നിലവിൽ സബ്സിഡി മാർഗരേഖകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും സാങ്കേതികക്ഷമത ആവശ്യപ്പെടുകയും ചെയ്യുന്ന പ്രൊജക്ടിന് നൂതന (Innovative) പ്രൊജക്ടുകളുടെ അംഗീകാരത്തിനു വേണ്ടി അവലംബിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് നിർവഹണം നടത്തിയിട്ടുള്ളത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ./ തീയതി 19.4.2022 പ്രകാരമുള്ള പതിനാലാം പദ്ധതിമാർഗരേഖയുടെ ഖ.3.8.5 ൽ നൂതന പ്രൊജക്ടുകളുടെ അംഗീകാരത്തിന് ആവശ്യമായ സംവിധാനം വിശദീകരിക്കുന്നുണ്ട്. നൂതനമായ ആശയങ്ങൾ, നവീന സാങ്കേതിക വിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ എന്നിവ അവലംബിച്ചുകൊണ്ടുള്ള പ്രൊജക്ടുകളെയാണ് നൂതന പ്രൊജക്ടുകളെന്ന് വിവക്ഷിക്കുന്നതെന്നും അവയ്ക്ക് സാധാരണ പ്രൊജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്തമായി അനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു വിദഗ്ദസമിതിയെ നിയോഗിക്കേണ്ടതാണെന്നും മാർഗരേഖ പറയുന്നു. ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയുള്ള പ്രസ്തുത സമിതിയിൽ പ്രൊജക്ട് ഉൾപ്പെടുന്ന വിഷയ മേഖലയുടെ രണ്ടിൽ കുറയാതെയുള്ള വിഷയമേഖലാ വിദഗ്ദരെ ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട മേഖലയിലെ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ദരെയും യോഗത്തിലേക്ക് ക്ഷണിക്കാവുന്നതാണ്. പ്രസ്തുത സമിതി പ്രൊജ്ക്ടിന്റെ സാമ്പത്തിക-സാങ്കേതിക-പ്രായോഗിക ക്ഷമത ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് സാങ്കേതിക മികവുള്ള പ്രൊജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകേണ്ടതാണെന്നും നൂതനാശയം പ്രോത്സാഹിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും നിർദേശിക്കപ്പെടുന്ന ചെലവും നീതികരിക്കുന്നതിനുള്ള യുക്തിയും മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതാണെന്നും പദ്ധതി മാർഗരേഖ വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അംഗീകാരങ്ങളോ നടപടിക്രമങ്ങളോ സ്വീകരിക്കാതെയാണ് നിലവിൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ നിലവിൽ റോബോട്ടിക് സംവിധാനത്തിൽ നിന്നും കൗതുകത്തിനപ്പുറത്തേക്കുള്ള പ്രയോജനം ലഭ്യമാകുന്നില്ലെന്നും പൊതുജനം നിലവിൽ ഈ സൗകര്യം ഉപയോഗിക്കുന്നില്ലെന്നുമാണ് മനസിലാക്കുന്നത്. മതിയായ അനുമതിയില്ലാതെ നടപ്പാക്കിയ പ്രൊജക്ടിനായുള്ള തൻവർഷത്തെ 158199/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ./ തീയതി 19.4.2022 പ്രകാരമുള്ള പതിനാലാം പദ്ധതിമാർഗരേഖയുടെ ഖ.3.8.5 ൽ നിർദ്ദേശിച്ച പ്രകാരമുള്ള അംഗീകാരം നേടിയതിന് ശേഷം മാത്രം അടുത്ത ഘട്ടങ്ങളിലൂടെ റോബോട്ടിക് സംവിധാനം പ്രയോജനപ്പെടുത്താനാകുമോയെന്ന് പരിശോധിക്കേണ്ടതും അംഗീകാരം ലഭ്യമായതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

**1-25 ഏഴാം മൈൽ ടേക്ക് എ ബ്രേക്കിന് കുഴൽകിണർ നിർമാണവും മോട്ടർ വാങ്ങലും-പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഏഴാം മൈൽ ടേക്ക് എ ബ്രേക്കിന് കുഴൽകിണർ നിർമാണവും മോട്ടർ വാങ്ങലും എന്ന പ്രൊജക്ടിന് താഴെ കൊടുത്തിരിക്കും പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ്, ഫണ്ടിനം |
|---|---|---|
| 330/24 , ഏഴാം മൈൽ ടേക്ക് എ | 205000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 205000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | | | |
|---|---|---|---|
| ബ്രേക്കിന് കുഴൽകിണർ നിർമാണവും മോട്ടർ വാങ്ങലും | | | |

ഏഴാം മൈൽ ടേക്ക് എ ബ്രേക്കിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനു വേണ്ടി കുഴൽ കിണർ നിർമ്മിച്ച് സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പിലേക്ക്, വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട് വകയിരുത്തിയ പ്രൊജക്ടിൽ അലോട്ട്മെന്റ് ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ തനത് ഫണ്ടിൽ നിന്ന് വൗച്ചർ 22300743/14.12.23 (ചെക്ക് നം. 126025/14.12.23) പ്രകാരം തുക ഭൂജല വകുപ്പിലേക്ക് അടവാക്കുകയും അലോട്ട്മെന്റ് ലഭ്യമായതിനെ തുടർന്ന് ബിൽ നം. 227/20.2.24 പ്രകാരം തനതുഫണ്ടിലേക്ക് തുക തിരികെ വരവ് വച്ചിട്ടുള്ളതുമാണ്. കുഴൽകിണർ നിർമ്മിച്ചെങ്കിലും വെള്ളം ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരം അടച്ച തുകയിൽ മാറ്റം വരുത്താതെ ഉചിതമായ സ്ഥലത്ത് വേറൊരു കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിനോട് ആവശ്യപ്പെടുന്നതിന് 27.1.24 ലെ 11 -ാം നമ്പരായി കമ്മിറ്റി തീരുമാനമെടുക്കുകയും എസ് സി 11126/19 നമ്പർ കത്ത് പ്രകാരം 26.2.24, 2.7.24 തീയതികളിൽ ഭൂജലവകുപ്പിന് കത്ത് നൽകിയിട്ടുള്ളതുമാണ്. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/23.9.24) നിലവിൽ വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ ഉചിതമായ സ്ഥലം കണ്ടെത്തി സൗജന്യമായി കുഴൽകിണർ നിർമ്മിച്ച് നൽകാമെന്ന് ഭൂജലവകുപ്പിൽ നിന്നും വാക്കാൽ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. ടേക്ക് എ ബ്രേക്ക് പ്രവർത്തനത്തിനായി വൈദ്യുതീകരണത്തിന് ടെണ്ടർ ചെയ്ത് വർക്ക് ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. ഭൂജല വകുപ്പുമായുള്ള കരാർ പ്രകാരം പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ചുമതല ഭൂജലവകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ അടിസ്ഥാന ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സംവിധാനം എത്രയും വേഗം പ്രവർത്തന ക്ഷമമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.





നിലവിൽ 20 ലക്ഷത്തോളം രൂപ കെട്ടിടനിർമ്മാണത്തിന് മാത്രമായി ചെലവഴിച്ചിട്ടുള്ള കെട്ടിടം ഒരു നിഷ്ക്രിയാസ്തിയാകുന്ന അവസ്ഥ ഒഴിവാക്കാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. കുഴൽകിണർ നിർമാണവും മോട്ടർ വാങ്ങൽ പ്രവൃത്തിയും പൂർത്തിയാക്കി ടേക്ക് എ ബ്രേക്ക് പ്രവർത്തനമാരംഭിക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 205000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കാർബൺ ന്യൂട്രൽ പഞ്ചായത്ത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കാർബൺ ന്യൂട്രൽ പഞ്ചായത്ത് എന്ന പ്രോജക്ടിനായി താഴെ കൊടുത്തിരിക്കും പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ, പേര് | 202/24, കാർബൺ ന്യൂട്രൽ പഞ്ചായത്ത് |
|---|---|
| അടങ്കൽ, ഫണ്ടിനം | 267948/- വികസനഫണ്ട് (പൊതുവിഭാഗം), 1000000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ്, ഫണ്ടിനം | 267948/- വികസനഫണ്ട് (പൊതുവിഭാഗം), 1000000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നം., തീയതി,തുക | 114/21.11.23,267948/- 343/23.3.23 ,1000000/- |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ANERT ൽ തുക നിക്ഷേപിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ANERT ലഭ്യമാക്കിയ

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 15 KW കപ്പാസിറ്റിയുള്ള പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി മേൽ ചേർത്ത പ്രകാരം 1267948/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി തൽസമയം ഉപയോഗിക്കുകയും അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. വൈദ്യുത ശൃംഖലയിലേക്ക് നൽകുകയും ചെയ്യുന്ന ഓൺഗ്രിഡ് പദ്ധതിയായാണ് പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ ANERT പദ്ധതി പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ പൂർത്തീകരണ/ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും വിതരണ ശൃംഖലയിലേക്ക് വൈദ്യുതി നൽകുന്നതിനും ആയത് മോണിട്ടർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/23.9.24) നിലവിൽ പ്രവൃത്തി പൂർത്തീകരിച്ച് നെറ്റ് മീറ്റർ സ്ഥാപിക്കുകയും സോളാർപാനലിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് സപ്ലൈ ചെയ്യുന്നുണ്ടെന്നും മറുപടി ലഭിച്ചു. അനർട്ടുമായുള്ള 6.11.23 ലെ കരാർ പ്രകാരം ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്നും പദ്ധതി പൂർത്തീകരിച്ച് പതിനഞ്ച് ദിവസത്തിനകം പവർപ്ലാന്റ് ഗുണഭോക്താവിന് കൈമാറുന്നതാണെന്നും തുടർന്ന് ഒരു മാസത്തിനകം പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയിൽ നിന്നുള്ള ഫലപ്രാപ്തിയും വൈദ്യുതി കെഎസ്ഇബിയുടെ ഗ്രിഡിലേക്ക് സപ്ലൈ ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി തുടർമാസങ്ങളിലെ ബില്ലുകൾ മോണിട്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ/ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ 1267948/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ-ഏറ്റെടുത്ത സ്ഥാപനം വാറന്റി കാലയളവിൽ തകരാറുകൾ യഥാസമയം പരിഹരിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ എന്ന പ്രൊജക്ടിനായി താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 208/24, തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | 136233/-, തനത് ഫണ്ട് |
| ചെലവ്, ഫണ്ടിനം | 128331/-, തനത് ഫണ്ട് |
| വൗച്ചർ നം., തീയതി | 22300530/10.10.23 (ചെക്ക് നം. 125983/10.10.23 SBI E Payment Account) |

മേൽ പ്രൊജക്ടിനായി മുൻവർഷം 263767 രൂപയും തൻവർഷം 128331 രൂപയുമുൾപ്പെടെ 392098 രൂപ ചെലവഴിച്ചിട്ടുണ്ട്. നേരിട്ട് വാങ്ങൽ നടത്താവുന്ന കേരള റൂറൽ ആന്റ് വെൽഫെയർ സൊസൈറ്റിയുടെ (ക്രൂസ്) അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗിൽ നിന്നാണ് 16 വാർഡുകളിലേക്കായി 10 ലൈറ്റുകൾ വീതം (ആകെ 160 എണ്ണം) യൂണിറ്റിന് 2450.61 രൂപ നിരക്കിൽ വാങ്ങൽ നടത്തിയിട്ടുള്ളത് (18 W LED Lighting Automatic Operation Including Installation). കരാർ (Agreement No.23/23/27.3.23) പ്രകാരം വിതരണ തീയതി മുതൽ 24 മാസം ആണ് ലൈറ്റുകളുടെ വാറണ്ടി കാലാവധി. സ്ഥാപിക്കുന്ന തെരുവുവിളക്കുകൾക്ക് വാറണ്ടി കാലാവധിക്കുള്ളിൽ കേടുപാട് സംഭവിക്കുന്ന പക്ഷം രേഖാമൂലമുള്ള അറിയിപ്പ് കിട്ടി 25 ദിവസത്തിനകം കരാറുകാരൻ പരാതി പരിഹരിക്കേണ്ടതാണെന്നും കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6/23 ൽ തെരുവുവിളക്ക് സ്ഥാപിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 8/23 ൽ 7 ലൈറ്റുകളുടെ തകരാർ പരിഹരിച്ചതായി ഫയലുകളിലുണ്ട്. 4/11/23 ൽ സെക്രട്ടറി ക്രൂസിന് അയച്ച കത്തിൽ 22 ലൈറ്റുകൾ തകരാറിലായത് പരിഹരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തകരാർ പരിഹരിക്കാത്തതിനാൽ 28.12.23 ൽ വീണ്ടും സെക്രട്ടറി ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചതായി ഫയലിൽ കാണുന്നില്ല. വാറണ്ടി കാലയളവിൽ കരാർ പ്രകാരം തകരാറുകൾ പരിഹരിക്കേണ്ട സ്ഥാപനം ലൈറ്റുകൾ മാറ്റി സ്ഥാപിക്കാത്തത് /റിപ്പയർ ചെയ്യാത്തതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/23.9.24) തകരാറുകൾ തുടർമാസങ്ങളിൽ പരിഹരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പരാതി രേഖാമൂലം നൽകി 25 ദിവസത്തിനുള്ളിൽ നിയമാനുസൃതം തകരാർ പരിഹരിക്കേണ്ടതാണെങ്കിലും യഥാസമയം പരിഹരിക്കപ്പെടുന്നില്ല എന്ന വസ്തുത വാറന്റി കാലാവധി ഇനിയും അവസാനിക്കാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ടെന്റർ നടപടിക്രമങ്ങൾ പാലിക്കാതെ ലക്ഷങ്ങളുടെ വാങ്ങൽ നടത്തി.

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | 250/24, നിറവ് 60+ വയോജനങ്ങൾക്ക് | 91/24, കുട്ടികളുടെ പാർക്ക് |

| | | |
|---|---|---|
| | സെൻസിംഗ് ഗാർഡൻ | |
| അടങ്കൽ, ഫണ്ടിനം | 200000/- വികനഫണ്ട്, പൊതു വിഭാഗം | 100000/- വികനഫണ്ട്, പൊതു വിഭാഗം |
| ചെലവ്, ഫണ്ടിനം | 199000/- വികനഫണ്ട്, പൊതു വിഭാഗം | 99000/- വികനഫണ്ട്, പൊതു വിഭാഗം |
| ബിൽ നം./ തീയതി | 25/05.03.24 – 80000/- 17/06.02.24- 76000/- 28/05.03.24-43000/- | 15/06.02.24-99000/- |
| | ആകെ 199000/- | ആകെ 99000/- |

ആർട്ടിഫിഷ്യൽ ട്രീഹട്ട്, ആർട്ടിഫിഷ്യൽ എൻട്രൻസ്, ഫോട്ടോഷൂട്ട് സെറ്റ് & സെൻസറിംഗ് ഗാർഡൻ തുടങ്ങിയ ഇനങ്ങൾ ചിത്രശില ആർട്സ് & ക്രാഫ്റ്റ് ക്രിയേഷൻസ്, നിരണപ്പറമ്പ്, വണ്ടൂർ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് CH-001/09-1-24 തുക80000, CH-004/09-1-24 തുക 76000/-, CH-002/9-1-24 തുക 43000 വീതം ആകെ 199000/- രൂപ ചെലവഴിച്ച് വയോജനങ്ങൾക്ക് സെൻസിംഗ് ഗാർഡന് വേണ്ടിയും ഇൻവോയ്സ് CH-003/09-1-24 പ്രകാരം 99000/- രൂപ ചെലവഴിച്ച് കിഡ്സ് സ്ലൈഡിംഗ്, കിഡ്സ് ചെയർ എന്നിവ കുട്ടികളുടെ പാർക്കിലേക്കും വാങ്ങി. വ്യത്യസ്ഥ പേരിൽ രൂപീകരിച്ചിരിക്കുന്ന രണ്ട് പ്രോജക്ടുകൾക്കായും വാങ്ങിയ ഇനങ്ങൾ സ്ഥാപിച്ചിട്ടുള്ളത് നിലവിൽ പ്രവർത്തിച്ചുവരുന്ന 40ാം മൈൽ ടേക്ക് എ ബ്രേക്കിന്റെ ചുറ്റുപാടുമായാണ് .

രണ്ട് പ്രോജക്ടുകൾക്കുമായുള്ള ആകെ തുക 199000 +99000= 298000/- ചിത്രശില ആർട്സ് & ക്രാഫ്റ്റ് ക്രിയേഷൻസ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ വേലായുധൻ കെ എന്ന വ്യക്തിയുടെ 40191100411063 അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്.

എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കൊപ്പം 25-09-2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയ സ്ഥലം കുട്ടികളും വയോജനങ്ങളുമില്ലാതെ ഉപേക്ഷിക്കപ്പെട്ട് പുല്ലുകളും ചെടികളും വളർന്ന് സംരക്ഷണമില്ലാതെ നിൽക്കുന്നതായി കണ്ടു.

ഇത്രയും തുകയുടെ വാങ്ങൽ പ്രവൃത്തി ടെന്റർ നടപടികൾ ഉൾപ്പെടെ, സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ യാതൊന്നും പാലിക്കാതെ, കേവലം പെറ്റിപർചേസ് രീതിയിൽ നേരിട്ട് വാങ്ങിയത് നിർവഹണ ഉദ്യോഗസ്ഥന്റെ തെറ്റായ നടപടിയാണ്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ (23/26-09-2024) നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രോജക്ട് നടപ്പാക്കുന്നതിൽ ടെന്റർ/ക്വട്ടേഷൻ നടപടികൾ പാലിക്കാതിരുന്നത് അറിവില്ലായ്മമൂലമാണെന്നും പ്രോജക്ട് നിർവഹണത്തിലെ പരിജ്ഞാനക്കുറവ് മൂലമാണ് അപാകത സംഭവിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത്രയും തുക ചെലവഴിച്ച പ്രോജക്ട് നടപ്പാക്കുന്നതിൽ പരിജ്ഞാനക്കുറവും അറിവില്ലായ്മയും മൂലമാണ് വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. (ഭരണസമിതിയുടെയും സ്ഥാപനത്തിലെ ഉദ്യോഗസ്ഥതല മേധാവിയുടെയും അറിവില്ലാതെയാണ് നടപടിക്രമങ്ങൾ പാലിക്കാതെ ഇപ്രകാരം പ്രോജക്ട് നടപ്പിലാക്കിയതെന്ന് കരുതാനാവില്ല). ഉത്തരവാദിത്തപ്പെട്ട ഭരണസമിതിയുടെയും മേൽനോട്ടച്ചുമതലയുള്ള പഞ്ചായത്ത് സെക്രട്ടറിയുടെയും വർക്കിംഗ് ഗ്രൂപ്പുൾപ്പെടെയുള്ള മോണിട്ടറിംഗ് സമിതികളുടെയും കാര്യക്ഷമതയില്ലായ്മയും സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗരേഖകളുടെയും ലംഘനവുമാണ് ഇത്തരം അപാകതയ്ക്ക് കാരണമായത്. പ്രാദേശികഭരണകൂടം തന്നെ ഇത്തരം ചട്ടലംഘനങ്ങൾ നടത്തുന്നുവെന്നത് ഉചിതമായ നടപടിയല്ല. ഇത് സംബന്ധിച്ച് ഭരണസമിതിയുടെ അഭിപ്രായം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ലയെന്ന് ഉറപ്പാക്കേണ്ടതുമാണ്. നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ പ്രവൃത്തിക്കായി നടത്തിയ 298000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നിലവിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്നാണ് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടത്.പദ്ധതി ലക്ഷ്യം നേടുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-29 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - അധികതുക അനുവദിച്ചു.

| പ്രോജക്ട് നം., പേര് | അടങ്കൽ ഫണ്ടിനം | ചെലവ് ഫണ്ടിനം |
|---|---|---|
| 81/24, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 840000/-, വികസന ഫണ്ട് ജനറൽ 300000/-, ബ്ലോക്ക് | 840000/-, വികസന ഫണ്ട് ജനറൽ 247125/-, ബ്ലോക്ക് |

| | | |
|---|---|---|
| | പഞ്ചായത്ത് വിഹിതം 200000/-, ജില്ലാ പഞ്ചായത്ത് വിഹിതം | പഞ്ചായത്ത് വിഹിതം 75462/-, ജില്ലാ പഞ്ചായത്ത് വിഹിതം |
| **ആകെ** | **1340000/-** | **1162587/-** |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം 840000/, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 247125/, ജില്ലാ പഞ്ചായത്ത് വിഹിതം 75462/രൂപ വീതം ആകെ 1162587/രൂപ പ്രോജക്ടിന് ചെലവഴിച്ചിട്ടുണ്ട്.

സ്കോളർഷിപ്പ് വിതരണത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ജസ്റ്റിൻ സുനീഷ് എന്ന ഗുണഭോക്താവിന് പല ബില്ലുകളിലായി 29502/രൂപ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു.

സർക്കാർ ഉത്തരവ് (കൈ.)നം.115/2022/തസ്വഭവ/28-05-2022 പ്രകാരം ഒരുവർഷം അനുവദനീയമായ പരമാവധി സ്കോളർഷിപ്പ് 28500/- രൂപയാണ് എന്നിരിക്കെ 29502/- രൂപ സ്കോളർഷിപ്പ് അനുവദിച്ചതിലൂടെ 1002/- രൂപ പ്രസ്തുത ഗുണഭോക്താവിന് അധികം നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/24-09-2023) അധികമായി അനുവദിച്ച തുക തിരികെ അടച്ച് ചലാൻ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചു. തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടച്ച് ചലാൻ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-30 7-ാം മൈൽ ടേക്ക് എ ബ്രേക്ക്- പ്രോജക്ട് പ്രവർത്തനക്ഷമമായില്ല.**

അസി എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടാണ് 216/24നമ്പർ ടേക്ക് എ ബ്രേക്ക് 7ാം മൈൽ ശുചിത്വ സമുച്ചയം നിർമ്മാണം. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം (ടൈഡ്) 1965153/- രൂപ വിനിയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലയെന്ന് ഓഡിറ്റ് ടീം എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കൊപ്പം 25-09-2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.



നിർമ്മാണം പൂർത്തീകരിച്ച് 18-03-2024 ൽ കരാറുകാരന് അവസാന ബിൽനല്കിയശേഷം നാളിതുവരെയായിട്ടും 7ാം മൈൽ ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയം പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (24/26-09-2024) നുള്ള മറുപടിയിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള സിവിൽ വർക്കുകൾ പൂർത്തീകരിച്ചതായും കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ, ജലലഭ്യത, സാനിട്ടറിനാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ പൂർത്തിയായാൽ ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാകുമെന്നും ആയതിനുള്ള പദ്ധതികൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ചിട്ടുണ്ടന്നും അറിയിച്ചു. എന്നാൽ ശുചിത്വസമുച്ചയത്തിന് ഏറ്റവും അവശ്യവസ്തുവായ ജലലഭ്യതയ്ക്കായി ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ച് കുഴൽകിണർ നിർമ്മിച്ചുവെങ്കിലും വെള്ളം ലഭിച്ചില്ല. ജലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അനുബന്ധ പ്രോജക്ടുകൾ പൂർത്തിയാക്കിയും 7ാം മൈൽ ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയം പ്രവർത്തനമാരംഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തുക |
|---|---|---|
| 1 | ബിൽ നം. 91/12-10-23 | 830702/- |
| 2 | ബിൽ നം. 223/17-02-24 | 688016/- |
| 3 | ബിൽ നം. 290/18-03-24 | 446435/- |
| | **ആകെ** | **1965153/-** |

**1-31 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി വാങ്ങൽ പ്രവൃത്തി നടപ്പാക്കി.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ 272/24 ാം നമ്പർ കട്ടിൽ വിതരണം എന്ന പ്രോജക്ട് പ്രകാരം ARTCO, കോട്ടയം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. KTM 517/23-03-2024 പ്രകാരം ഒരെണ്ണത്തിന് 18% ജി.എസ്.ടി ഉൾപ്പെടെ 4000/- രൂപ നിരക്കിൽ (3390+18%) 48 കട്ടിലുകൾ വാങ്ങി

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ആകെ ചെലവ് 192000/-, ധനകാര്യകമ്മീഷൻഗ്രാന്റ് 38345/-, തനത് ഫണ്ട് 153655/-)

| ബിൽ നം./തീയതി | തുക |
|---|---|
| 385/25-03-24 | 153655 |
| 368/25-03-24 | 38345 |
| **ആകെ** | **192000** |

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും വിധം 3 സ്ഥാപനങ്ങൾ കട്ടിലുകളുടെ വില ചേർത്ത് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.

| സ്ഥാപനം | ജി.എസ്.ടി 18% ഉൾപ്പെടെ നിരക്ക് |
|---|---|
| ARTCO, കോട്ടയം | 4000 (3390+610) |
| ARTCO, മലപ്പുറം | 3929 (3330+599) |
| SIDCO | 3950 (3347.6+602) |

മേൽ പട്ടിക പ്രകാരം ARTCO, കോട്ടയം എന്ന സ്ഥാപനമാണ് ഏറ്റവും ഉയർന്ന വില കോട്ട് ചെയ്തിട്ടുള്ളത്. അധിക തുക കോട്ടുചെയ്ത സ്ഥാപനത്തിൽ നിന്ന് തന്നെ വാങ്ങൽ നടത്തിയതിന് പ്രത്യേക കാരണം വ്യക്തമാക്കിയിട്ടില്ല. കൂടിയ നിരക്കിൽ വാങ്ങിയതുമൂലം ഒരു കട്ടിലിന് 71/- രൂപ വീതം (4000-3929) ആകെ 3408/രൂപ (71 X 48) അധിക ചെലവുണ്ടായിരിക്കുന്നു.

ഇപ്രകാരം സ്റ്റോർ പർച്ചേസ് നടപടികൾക്ക്/സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ വാങ്ങൽ പ്രക്രിയയിലൂടെ 3408/ രൂപ അധികമായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ (12/24-09-2024) നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 15-12-2023 ലെ ഭരണസമിതി യോഗത്തിലെ തീരുമാനപ്രകാരം ARTCO, കോട്ടയത്ത് നിന്ന് കട്ടിൽ വാങ്ങാൻ നിർദ്ദേശിച്ചതിനാലാണ് ഇപ്രകാരം വാങ്ങിയതെന്നും ഇനി തെറ്റുവരാതെ ശ്രദ്ധിച്ചുകൊള്ളാമെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചത്.
മാർഗ്ഗരേഖകൾ പാലിച്ച് മാത്രം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>1-32 പ്രോജക്റ്റ് പ്രകാരമുള്ള തുകകൾ ഒരേ വ്യക്തികളുടെ തന്നെ അക്കൗണ്ടിലേക്ക് മാറ്റി നല്കിയതു ക്രമപ്രകാരമല്ല.</u>**

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പർച്ചേസ് ബില്ലുകൾ, വൗച്ചറുകൾ എന്നിവ പ്രകാരം മാറിയ തുകകൾ ഒരേ വ്യക്തിയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | ബില്ലിന്റെ വിവരം, തീയതി | മാറിയ തുക, ഫണ്ട് | അക്കൗണ്ട് ട്രാൻസ്ഫറിന്റെ വിവരം | തുക |
|---|---|---|---|---|
| 251/24,ഭിന്നശേഷി ഗാനമേള ട്രൂപ്പ്-തുടർപ്രവർത്തനങ്ങൾ | ബിൽ ക്രമനമ്പർ 3/25-7-23 | 50000/ വികസനഫണ്ട്. | മാത്യൂസ് മാത്യു 11150100074418 ഷാജി ജേക്കബ് 67100328973 | 25000/- 25000/- |
| ,, | 21/24-2-24 | 63594/ വികസനഫണ്ട്. | മാത്യൂസ് മാത്യു 11150100074418 ഷാജി ജേക്കബ് 67100328973 | 29994/- 33600/- |
| ,, | 34/25-3-24 | 18113/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 9313/- |
| 322/24,യു 3 എ-ബട്ടർഫ്ലൈ വില്ലേജ് | 18/09-2-24 | 49668/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 49668/- |
| | | | | |

| | | | | |
|---|---|---|---|---|
| ,, | 20/02-2-24 | 47925/ വികസനഫണ്ട്. | മാത്യൂസ് മാത്യു 11150100074418 | 46700/- |
| ,, | 36/25-3-24 | 69553/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 6398/- |
| 76/24,ഭിന്നശേഷിയുള്ള വരുടെ വിനോദയാത്ര | 14/15-1-24 | 110050/ വികസനഫണ്ട്. | മാത്യൂസ് മാത്യു 11150100074418 | 110050/- |
| 74/24,വനിതകലാമേള | 31/25-3-24 | 50000/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 46375/- |
| 77/24,ഓർമ്മച്ചെപ്പ്, ഭിന്നശേഷിയുള്ളവരുടെ കലാമേള | 32/25-3-24 | 50000/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 40000/- |
| 78/24,വയോജനങ്ങളുടെ കലാമേള | 10/13-12-23 | 49715/ വികസനഫണ്ട്. | ഷാജി ജേക്കബ് 67100328973 | 27095/- |

ഇപ്രകാരം വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങലുകൾ നടത്തിയ ബില്ലുകളുടെ തുക അതാത് സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിന് പകരം മറ്റുവ്യക്തികൾ മുഖാന്തിരം കൈമാറുന്നത് ക്രമ പ്രകാരമല്ല.

കൂടാതെ കേരളോത്സവം നടത്തിപ്പിനായി വൗച്ചർ നം. 22300572/26-10-23 പ്രകാരം തനത് ഫണ്ട് മുൻകൂറായി 20000/- രൂപയും അവസാനബിൽ ആയി വൗച്ചർ നം.22300686/04-12-23 പ്രകാരം 126120/- രൂപയും കൈപ്പറ്റിയത് മാത്യൂസ് മാത്യു ആണ്. കേരളോത്സവത്തിനായുള്ള വിവിധചെലവുകളുടെ തുകകൾ മേൽ ചേർത്തവിധം ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്കായി മാറ്റി നല്കിയതും ക്രമപ്രകാരമുള്ള നടപടിയല്ല.

ഇപ്രകാരം വികസനഫണ്ടുൾപ്പെടെ തുകകൾ മേൽ ചേർത്ത വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് മാറ്റി നല്കിയത് സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (22/26-09-24) മറുപടിയിൽ പ്രോജക്ട് തുകകളിൽ നിന്ന് മുൻകൂർ ചെലവ് സാദ്ധ്യമല്ലാത്തതിനാലും നിർവഹണ ഉദ്യോഗസ്ഥർക്ക് ഇപ്രകാരം തുക അഡ്വാൻസ് ചെലവഴിക്കാൻ സാധിക്കാത്തതുകൊണ്ടും പഞ്ചായത്ത് മെംബറും സാമൂഹ്യപ്രവർത്തകനുമായ ശ്രീ മാത്യൂസ് മാത്യുവും, ഭക്ഷണവിതരണം നടത്തിയ ശ്രീ ഷാജി ജേക്കബും ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പ്രവർത്തനങ്ങളെ സഹായിച്ചതായും അവർ മുൻകൂർ ചെലവഴിച്ച തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറി നല്കുകയാണ് ചെയ്തതെന്നും സാമ്പത്തിക ക്രമക്കേടുകളോ പഞ്ചായത്തിന് നഷ്ടമോ സംഭവിച്ചില്ലായെന്നുമാണ് അറിയിച്ചത്.

യഥാർഥ ഗുണഭോക്താവിന് തുക നല്കുന്നതിന് പകരം പ്രോജക്ടുകൾ പ്രകാരമുള്ളതും, കേരളോത്സവം പോലെയുള്ളതുമായ പ്രവർത്തനങ്ങളുടെ മുഴുവൻ തുകയും ഒരേ വ്യക്തിയുടെ അക്കൗണ്ടിലേക്ക് മാറിനല്കുന്നത് തെറ്റായ കീഴ് വഴക്കമാണ്. ഭരണസമിതി ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതപാലിക്കേണ്ടതാണ്.

## 1-33 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട്(നം.), പേര് | (16/24), ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3 ലക്ഷം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 3 ലക്ഷം, ബിൽ സാങ്ഷൻ നം. 139/12-12-2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ മരുന്ന് വാങ്ങലിനായി 12/12/2023 ലെ പ്രൊഫോർമ ഇൻവോയ്സ് PF-1029 പ്രകാരം 3 ലക്ഷം രൂപ HOMCO-യ്ക്ക് നൽകി (പർച്ചേസ് ഓർഡർ 05DO6/23-24/1/15-12-2023). എന്നാൽ 142,167/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഇൻവോയ്സ് നം.LF-3369/27-03-2024 പ്രകാരം ഡിസ്പൻസറിക്ക് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. 157,833/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മരുന്നുകൾ ലഭ്യമാകാത്തതിനാൽ 157,833/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സിന്റെ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

**1-34 ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തിയാക്കാൻ അവശേഷിക്കുന്നു**

| | |
|---|---|
| പ്രോജക്ട് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-ജനറൽ(109/24) |
| അടങ്കൽ | 19.2 ലക്ഷം |
| ചെലവ് | 12 ലക്ഷം വികസന ഫണ്ട്-ജനറൽ |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) |

| ബിൽ സാങ്ങ്ഷൻ നമ്പരുകൾ | തുക |
|---|---|
| 143/14-12-2023 | 4 ലക്ഷം |
| 153/21-12-2023 | 0.8 ലക്ഷം |
| 155/21-12-2023 | 3 ലക്ഷം |
| 275/12-03-2024 | 1 ലക്ഷം |
| 288/15-03-2024 | 1 ലക്ഷം |
| 369/24-03-2024 | 1 ലക്ഷം |
| 370/24-03-2024 | 1.2 ലക്ഷം |
| **ആകെ** | **12 ലക്ഷം (വികസന ഫണ്ട് – ജനറൽ)** |

2023-24 വർഷം മേൽ പ്രോജക്ട് പ്രകാരം 39 ഗുണഭോക്താക്കൾക്ക് പരമാവധി 40,000/- രൂപ വരെ വീടുകൾ വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടത്. 20,000/- രൂപ മുൻകൂറായും പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും അനുവദിക്കുന്നു. 2023-24 വർഷവും തുടർവർഷം സെപ്റ്റംബർ-2024 വരെയുള്ള കാലയളവിലും ഗുണഭോക്താക്കളിൽ 6 പേർ വീട് മെയിന്റനൻസ് പൂർത്തിയാക്കിയില്ല എന്ന് പ്രോജക്ട് അകിറ്റൻസ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് അകിറ്റൻസ് രജിസ്റ്റർ ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വീട് നം. | കൈപ്പറ്റിയ ധനസഹായം |
|---|---|---|---|---|
| 1. | 9 | പങ്കജം കുട്ടപ്പൻ | VI/376 | 20,000/- |
| 2. | 13 | ചിന്നമ്മ ജോസ് | X/88 | 20,000/- |
| 3. | 14 | രാജേഷ് കെ. വി. | III/389 | 20,000/- |
| 4. | 19 | മറിയം പാപ്പൻ | IX/487 | 20,000/- |
| 5. | 33 | ഉണ്ണിക്കൃഷ്ണൻ കെ. കെ. | IX/452 | 20,000/- |
| 6. | 25 | മോഹനൻ വി. റ്റി. | X/65 | 20,000/- |

മേൽവിവരിച്ച ഗുണഭോക്താക്കൾ വീട് മെയിന്റനൻസിനായി മുൻകൂർ കൈപ്പറ്റിയ ശേഷം നിലവിലും പ്രവൃത്തി പൂർത്തീകരിക്കാതെ തുടരുന്നു. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ വീട് മെയിന്റനൻസ്, ടോയ്‌ലറ്റ് മെയിന്റനൻസ്/ നിർമ്മാണം എന്നിവയിൽ എഞ്ചിനീയറിങ്ങ് വിഭാഗം വാല്യുവേഷൻ നടത്തുന്ന തീയതിയും വീടിന്റെ നമ്പരും കൃത്യമായി ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-35 നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണം/തുകയുടെ വിനിയോഗവിവരം ലഭ്യമല്ല.**

2023-24 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടിന്റെ പൂർത്തീകരണം/തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം/ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ്, ഫണ്ടിനം | നിക്ഷേപിച്ച തുക (രൂപ), ബിൽ നം., തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 14/24 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 590430, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 515582, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5036-249/29.2.24, 435814-268/11.3.24, 74732-405/26.3.24, | KSEB, പള്ളിക്കത്തോട്, KSEB, പൈക, KSEB, പള്ളിക്കത്തോട് |

മേൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/23.9.24) വർക്ക് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 515582/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 താഷ്കന്റ് കുടിവെള്ള പദ്ധതി- പൂർത്തിയായില്ല.**

താഷ്കന്റ് കുടിവെള്ള പദ്ധതി എന്ന അസി. എൻജിനീയർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 279776/- രൂപ ചെലവഴിച്ച് കോൺക്രീറ്റ് തൂണുകളിൽ പ്ലാറ്റ്ഫോം തയാറാക്കി 10000 ലിറ്റർ അളവുള്ള പി വി സി ടാങ്ക് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്.

ജലസ്രോതസ്സിനായി കുളം മുൻപേ നിർമ്മിച്ചിരുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കൊപ്പം സ്ഥലം സന്ദർശിച്ചതിൽ ടാങ്ക് സ്ഥാപിച്ചിട്ടുള്ളതായി കാണപ്പെട്ടു. 2024-25 വർഷം പൈപ്പ് ലൈൻ നീട്ടൽ, ജലസ്രോതസ്സായ കുളത്തിന്റെ പൂർത്തീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി 311- ാം നമ്പരായി പ്രോജക്ട് തയാറാക്കിയിട്ടുള്ളതായി അറിയിച്ചു. പ്രവൃത്തികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറി പ്രോജക്ട് ഫലപ്രാപ്തി നേടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.



**1-37 ലൈഫ് മിഷൻ പദ്ധതി അവലോകനം**

ലൈഫ് മിഷൻ 20-20 പദ്ധതിയുടെ ഭാഗമായി 31-03-2024 വരെ ജനറൽ വിഭാഗത്തിൽ 42 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽ 6 ഗുണഭോക്താക്കളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 17 പേരും പട്ടികജാതി വിഭാഗത്തിൽ 4 പേരും ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടുണ്ട്.

2023-24 വർഷം 3 പ്രോജക്ടുകളിലൂടെയാണ് ലൈഫ് മിഷൻ പദ്ധതി നടപ്പാക്കിയത്.

153/24-ലൈഫ് ഭവന നിർമ്മാണം-ജനറൽ-97.4 ലക്ഷം ചെലവ്

149/24-ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം എസ്.സി.-5.01 ലക്ഷം ചെലവ്

194/24-ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം ജനറൽ-5.8 ലക്ഷം ചെലവ്

2023-24 വാർഷിക പദ്ധതിയിൽ ആകെ 1.0821 കോടി രൂപ ലൈഫ് മിഷൻ പദ്ധതിക്കായി ചെലവഴിച്ചു. 2023-24 വർഷത്തിന് മുൻപ്, സാമ്പത്തിക വർഷത്തിന്റെ തുടക്ക കാലയളവിലും അഡ്വാൻസ് കൈപ്പറ്റിയ ശേഷം സെപ്റ്റംബർ-2024 വരെ ഒന്നര വർഷമായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കി ധനസഹായം കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷൻ രജിസ്റ്റർ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈഫ് മിഷൻ രജിസ്റ്റർ ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | കരാർ തീയതി | കൈപ്പറ്റിയ ധനസഹായം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1. | 9 | ലളിതാകുമാരി | XII | 09-02-2023 | 2 ലക്ഷം |
| 2. | 13 | സരസമ്മ രവീന്ദ്രൻ | XII | 13-02-2023 | 3 ലക്ഷം |
| 3. | 14 | സരസമ്മ വി.എസ്. | VIII | - | 40,000/- |
| 4. | 16 | രാജു കെ. വി. | X | - | 3.6 ലക്ഷം |
| 5. | 18 | ഏലിക്കുട്ടി ചാക്കോ | XIII | 20-02-2023 | 3 ലക്ഷം |
| 6. | 27 | സെലിൻ ജോസ് | III | - | 40,000/- |
| 7. | 28 | ലീലാമണി ചന്ദ്രൻ | VI | - | 3.2 ലക്ഷം |
| 8. | 29 | ഔസേപ്പ് യോഹന്നാൻ | X | 22-02-2023 | 2 ലക്ഷം |
| 9. | 31 | ഏലിക്കുട്ടി | X | - | 2 ലക്ഷം |
| 10. | 34 | പത്മാക്ഷി കുമാരൻ | VI | - | 2 ലക്ഷം |
| 11. | 35 | ജസ്സി മാത്യു | VII | - | 235,795/- |
| 12. | 36 | ശാന്തമ്മ ബേബി | XV | - | 3 ലക്ഷം |
| 13. | 37 | സലിൻ എസ്. സി. | I | - | 1.8 ലക്ഷം |
| 14. | 41 | ഷാബി റ്റി. | XI | 16-03-2023 | 3 ലക്ഷം |

ചില ഗുണഭോക്താക്കളുടെ എഗ്രിമെന്റുകൾ എഴുതി പൂർത്തിയാക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ആയത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. മേൽ പട്ടികയിലെ ക്രമ നം. 3 ഗുണഭോക്താവ് 31-03-2023 ൽ 40,000/- രൂപ കൈപ്പറ്റിയ ശേഷം 2023-24 ലും തുടർന്നും ഭവന നിർമ്മാണ പുരോഗതിക്കനുസരിച്ച് ധനസഹായം കൈപ്പറ്റിയിട്ടില്ല. പട്ടികയിലെ എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണ പുരോഗതി നിരീക്ഷിക്കേണ്ടതും ധനസഹായം നൽകി ലൈഫ് മിഷൻ 20-20 പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ച് വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് ഭരണസമിതി ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-38 ബാരൽവില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ വിവിധ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ കാലി ബാരലുകളുടെ വില 15077/- രൂപ പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു (ഷെഡ്യൂൾ RP5). ബാരൽ വില പ്രവൃത്തിക്കായി ചെലവഴിച്ച ഫണ്ടിലേക്ക് ജി.ഒ(പി) 177/06 ധനവകുപ്പ്, തീയതി 12-04-2006 പ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്.

## 1-39 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്,ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്.കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനാരൂപീകരണം നടന്നത്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/ തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും ആയതിന് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയും ചെയ്യുക എന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട എലിക്കുളം ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| വാർഡ് | ആൾ താമസമുള്ള വീടുകൾ | സ്ഥാപനങ്ങൾ/ കടകൾ | ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 451 | 41 | 1 |
| 2 | 405 | 38 | 1 |
| 3 | 319 | 10 | 1 |
| 4 | 367 | 19 | 1 |
| 5 | 362 | 39 | 2 |
| 6 | 417 | 10 | 2 |
| 7 | 422 | 42 | 2 |
| 8 | 292 | 44 | 2 |
| 9 | 432 | 32 | 2 |
| 10 | 445 | 19 | 2 |
| 11 | 409 | 27 | 2 |
| 12 | 610 | 56 | 4 |
| 13 | 433 | 38 | 2 |
| 14 | 352 | 16 | 2 |
| 15 | 304 | 21 | 2 |
| 16 | 399 | 11 | 2 |
| **ആകെ** | **6419** | **463** | **30** |

പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 16 വാർഡുകളിലായി 6419 താമസക്കാരുള്ള വീടുകളും 463-ഓളം സ്ഥാപനങ്ങളും നിലവിൽ ഉണ്ട് ജനസംഖ്യ ഏകദേശം 24499 ആണ്. നിലവിൽ ആകെ സേനാംഗങ്ങളുടെ എണ്ണം 30 ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനഫലമായി മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫിലേക്കെത്തിച്ച് അവിടെ നിന്നും മാലിന്യം കൈമാറുകയുമാണ് ചെയ്യുന്നത്.

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കലണ്ടർ പ്രകാരമല്ല മാലിന്യ ശേഖരണം നടത്തുന്നത് കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്. അജൈവ മാലിന്യം സൂക്ഷിക്കുന്നതിനുള്ള സ്ഥല പരിമിതിമൂലമാണ് കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടത്താൻ സേനാംഗങ്ങൾക്ക് കഴിയാത്തത്ത് എന്ന് വ്യക്തമായി. മാലിന്യ ശേഖരണ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേനയ്ക്ക് ഇ-ഓട്ടോ നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾ തന്നെയാണ് വാഹനം ഓടിയ്ക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 100% വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ടു വന്നിട്ടുണ്ട് (ക്യൂ.ആർ കോഡ് പതിപ്പിച്ചിട്ടുണ്ട്). മാലിന്യ ശേഖരണം കൃത്യമായി നടക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്ലാസ്റ്റിക്ക് തരം തിരിക്കൽ, കണക്കുകളും രേഖകളും സൂക്ഷിക്കൽ, ഹരിത മിത്രം ആപ്പ് ഉപയോഗിക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. സേനാംഗങ്ങൾക്ക് കൺസോർഷ്യത്തിൽ നിന്ന് ലോൺ വ്യവസ്ഥയിൽ മൊബൈൽ ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.

<u>മാലിന്യം വേർതിരിക്കൽ</u>

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. പാതയോരങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ 50% തരം തിരിച്ചും ബാക്കിയുള്ളവ തരം തിരിക്കാതെയും തിരുവോണം ഇക്കോ ഇൻഡസ്ട്രസീസ്, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകുന്നു. ജൈവ മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ, വളം നിർമ്മാണ യൂണിറ്റുകൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല.

<u>സാമുഹിക അവബോധം സൃഷ്ടിക്കൽ</u>

മാലിന്യ സംസ്ക്കരണ രീതീകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വാർഡുകൾതോറും ശുചിത്വ സമിതി കൂടുകയും. പ്ലാസ്റ്റിക്ക് കത്തിക്കുന്നതിന്റേയും വലിച്ചെറിയുന്നതിന്റേയും ദൂഷ്യവശങ്ങൾ സംബന്ധിച്ച് ഹരിതകർമ്മസേനയുടെ നേതൃത്ത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതു ജന പങ്കാളിത്തതോടെ പാതയോരങ്ങൾ പൊതു സ്ഥലങ്ങൾ എന്നിവ വൃത്തിയാക്കുകയും ടി സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്ന അജൈവമാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്. മഞ്ചക്കുഴി എം.ജി.എം.യു.പി.എസ്, പനമറ്റം ഗവ.എച്ച്.എസ്, ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വെച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. 2023-24

വർഷം നിരോധിത പ്ലാസ്റ്റിക്ക് ഉപയോഗം, മാലിന്യം വലിച്ചെറിയൽ എന്നീ ഇനങ്ങളിലുള്ള പിഴയിനത്തിൽ 53000/- രൂപ ഈടാക്കിയിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

16 വാർഡുകളിലായി നിലവിൽ ആകെ ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം 30 ആണ്. ഹരിതകർമ്മസേന അംഗങ്ങൾക്ക് പരമാവധി ഒരു മാസം 9000/-രൂപ മുതൽ 16000/- രൂപ വരെ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേണ്ടി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

<u>പാരിസ്ഥിതിക ആഘാതം</u>

വൻതോതിൽ മാലിന്യം തള്ളുന്ന പ്രദേശങ്ങൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

**<u>MCF/RRF (Material Collection Fecility/Resource Recovery Facility)</u>**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത് എങ്കിലും ആവശ്യമായ സ്ഥല സൗകര്യം നിലവിൽ എം.സി.എഫിൽ ഇല്ല. 1100 ച.മീ വിസ്തൃതിയാണ് എം.സി.എഫിനുള്ളത്. കറന്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. എം.സി.ഫിലേക്ക് വാഹനം കടക്കാനുള്ള വഴി സൗകര്യം ഉണ്ട്. ഹരിത കർമ്മസേനക്ക് ചെറിയ തോതിൽ ഓഫീസ് സൗകര്യത്തിനായി എം.സി.എഫ് നുള്ളിൽ ഒരു ചെറിയ മുറി നൽകിയിട്ടുണ്ട്. അഗ്നി സുരക്ഷാ സംവിധാനം ഒരുക്കിയിട്ടുണ്ട്, ശുചിമുറി, വസ്ത്രം മാറ്റുന്നതിനുള്ള സൗകര്യം എന്നിവ എം.സി.എഫിനോട് ചേർന്ന് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനക്ക് ഇലട്രിക്ക് ഓട്ടോ/പിക്ക് അപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ടിപ്പിംഗ് എരിയ & സോർട്ടിംഗ് എരിയ, സ്റ്റോറേജ് എരിയ എന്ന രീതീയിലുള്ള സ്ഥല വിഭജനം എം.സി.എഫിൽ ഇല്ല. നിലവിൽ വാർഡുകളിലെ മിനി എം.സി.എഫു കളിൽ നിന്ന് തന്നെ തരം തിരിച്ച് എത്തിക്കുന്നതിനാൽ സോർട്ടിംഗ് എരിയ പ്രത്യേകമായി തയ്യാറാക്കിയിട്ടുമില്ല. മിനി എം.സി.എഫു കൾ മാലിന്യം ശേഖരിച്ചു സൂക്ഷിക്കുന്നതിന് പര്യാപ്തമല്ല. എം.സി.എഫ്/മിനി എം.സി.എഫ് എന്നിവയുടെ സ്ഥല പരിമിതി മാലിന്യ ശേഖരണം കൃത്യമായി നടക്കുന്നതിന് വെല്ലുവിളിയാണ്.







<u>മാലിന്യ കൈമാറ്റം</u>

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃതമായ ഇടവേളകളിൽ തിരുവോണം ഇക്കോ ഇൻഡസ്ട്രസീസ്, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകുന്നു. സ്ഥല പരിമിതി മൂലം അധിക മാലിന്യം തരം തിരിച്ച് സൂക്ഷിക്കാൻ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്.

<u>ഹരിതകർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ</u>

ഭൂരിഭാഗവും സാധാരണക്കാരായ ആളുകൾ അധിവസിക്കുന്ന പ്രദേശമായിനാൽ യൂസർ ഫീ ലഭിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. മാത്രമല്ല മാലിന്യങ്ങൾ ഇടകലർത്തി നൽകുന്നതും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. 2024 മാർച്ച് 30 നകം ലക്ഷ്യം കൈവരിക്കേണ്ടിയിരുന്ന സമഗ്ര മാലിന്യ പരിപാലന പദ്ധതി വാർഡ് തല സമതികളുടെ ഉദാസീനത മൂലം പരാജയപ്പെട്ട സ്ഥിതിയിലാണ്. പ്ലാസ്റ്റിക്ക് മാലിന്യ പരിപാലനത്തിൽ 80-90% ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും ജൈവ മാലിന്യ പരിപാലനത്തിൽ ഫലപ്രദമായ ഒരു നടപടികളും സ്വീകരിക്കുന്നതിന് വാർഡ് തല ജാഗ്രതാ സമിതികളും സന്നദ്ധപ്രവർത്തകരും തയ്യാറായിട്ടില്ല, മിനി എം.സി.എഫു കൾ തന്നെ മാലിന്യം ശേഖരിച്ചു സൂക്ഷിക്കുന്നതിന് പര്യാപ്തമല്ല. എം.സി.എഫിന്റെ സ്ഥല പരിമിതി മാലിന്യ ശേഖരണം കൃത്യമായി നടക്കുന്നതിന് വെല്ലുവിളിയാണ്. ശാസ്ത്രീയമായ മാലിന്യ സംസ്കരണം സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്നുള്ളതാണ് ഹരിതകർമ്മ സേന നേരിടുന്ന പ്രധാന വെല്ലുവിളി.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 04/07/2024 ലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്‌വെയറിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 19/09/2024, 20/09/2024 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്റ്റിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 3,878,055/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്റ്റ് 1,392,683/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്റ്റ് ഫണ്ടിന്റെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 860,000/- | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ (153/24) | 860,000/- | 0 |
| | 247,125/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം (81/24) | 247,125/- | 0 |
| | 185,558/- | അംഗൻവാടി പൂരക പോഷകാഹാര പരിപാടി (71/24) | 185,558/- | 0 |
| | 100,000/- | ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(20/24) | 100,000/- | 0 |
| | **1,392,683/-** | **ആകെ ബ്ലോക്ക് വിഹിതം** | **1,392,683/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് | 1,500,000/- | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ (153/24) | 1,500,000/- | 0 |
| | 75,462/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം (81/24) | 75,462/- | 0 |
| | 258,162/- | അംഗൻവാടി പൂരക പോഷകാഹാര പരിപാടി (71/24) | 258,162/- | 0 |
| | 1,000,000/- | കാർബൺ ന്യൂട്രൽ പഞ്ചായത്ത് (202/24) | 1,000,000/- | 0 |
| | 300,000/- | വെള്ളിലക്കുഴി-ഒട്ടയ്ക്കൽ റോഡ് | 300,000/- | 0 |

| | | | | |
|---|---|---|---|---|
| | | പുനരുദ്ധാരണം-വാർഡ്-12 (236/24) | | |
| | 200,000/- | ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(20/24) | 200,000/- | 0 |
| | 544,431/- | എസ്സി എൽ പി സ്കൂളിൽ കഞ്ഞിപ്പുര നിർമ്മാണം (280/24) | 544,431/- | 0 |
| | **3,878,055/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **3,878,055/-** | **0** |

പ്രോജക്റ്റ് നം. 280/24 പ്രകാരം ജില്ല പഞ്ചായത്ത് വിഹിതം 544,431/- രൂപ ചെലവഴിച്ചത് സുസ്ഥിര ആസ്തി സൃഷ്ടിക്കലിനാണ്. എന്നാൽ ടി ചെലവ് ആസ്തി വർദ്ധനവായും ജില്ല പഞ്ചായത്ത് ഫണ്ട് ചെലവ് മൂലധന വർദ്ധനവായും (Capital Contribution) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് ആസ്തി/മൂലധന വർദ്ധനവ് കൃത്യമാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിലെ സെക്രട്ടറി നിർവ്വഹിച്ച പ്രോജക്റ്റുകൾ പ്രകാരം KSEB Ltd., Ground Water Department (GWD), ANERT എന്നീ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തിക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (14/24) | 515,582/- | ഇല്ല | 515,582/- |
| **ആകെ KSEB Ltd-ൽ നിക്ഷേപിച്ചത്** | | **515,582/-** | **-** | **515,582/-** |
| ANERT | കാർബൺ ന്യൂട്രൽ പഞ്ചായത്ത് (202/24) | 1,267,948/- | ഇല്ല | 1,267,948/- |
| **ആകെ ANERT-ൽ നിക്ഷേപിച്ചത്** | | **1,267,948/-** | **-** | **1,267,948/-** |
| GWD | നാലാം മൈൽ ടേക്ക് എ ബ്രേക്ക്-കുഴൽക്കിണറിന് മോട്ടോർ വാങ്ങൽ (269/24) | 67,874/- | 49,602/- | 18,272/- |
| GWD | ഏഴാം മൈൽ ടേക്ക് എബ്രേക്കിന് കുഴൽക്കിണർ നിർമ്മാണവും മോട്ടോർ വാങ്ങലും (330/24) | 205,000/- | ഇല്ല | 205,000/- |
| GWD | വില്ലേജ് ഹട്ടിന് കുഴൽക്കിണർ നിർമ്മാണവും മോട്ടോർ വാങ്ങലും (328/24) | 225,000/- | 225,000/- | ഇല്ല |
| **ആകെ GWD-ൽ നിക്ഷേപിച്ചത്** | | **497,874/-** | **274,602/-** | **223,272/-** |

KSEB യിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ചിരുന്ന 1,319,172/- രൂപയുടെയും GWD യിലെ 268,918/- രൂപയുടെയും പ്രവൃത്തികൾ പൂർത്തിയായതിന്റെ ധന വിനിയോഗം 2023-24 വർഷം ക്രമീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം.202/24 പ്രകാരം ANERT ൽ നിക്ഷേപിച്ച തുകയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഫണ്ട് ചെലവായ 10 ലക്ഷം രൂപ KSEB യിൽ നിക്ഷേപമായി 460500202 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരുന്നത്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നടപ്പ് വർഷം 460500206 ശീർഷകത്തിലേക്ക് ടി തുക ക്രമീകരിച്ച് അക്കൗണ്ടിങ്ങ് കൃത്യമാക്കിയിട്ടുണ്ട്.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

2023-24 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും ഗുണഭോക്തൃ സമിതികൾക്കോ കൺവീനർമാർക്കോ നല്കിയിട്ടില്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

2023-24 ധനകാര്യ പത്രിക പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന് KURDFC വായ്പ ബാധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് 4,574,600/- രൂപ KURDFC യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. വായ്പ തുക പൂർണ്ണമായും 2023-24 വാർഷിക പദ്ധതിയിൽ 153/24, 194/24 നം. പ്രോജക്ടുകളിൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുള്ള വായ്പ ബാധ്യതയുടെയും തൻവർഷ തിരിച്ചടവിന്റെയും വിവരങ്ങൾ 2023-24 വായ്പ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | 01/04/2023 തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | ആകെ വായ്പ | തൻവർഷം തിരിച്ചടവ് | | 31/03/2024 തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC Loan | 7,720,946/- | 4,574,600/- | 12,295,546/- | 1,751,336/- | - | 10,544,210/- |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2023-24 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വികസന ഫണ്ട് (ജനറൽ) അലോട്ട്മെന്റുകളിൽ നിന്ന് 1,438,707/- രൂപയും വികസന ഫണ്ട് (SCSP) അലോട്ട്മെന്റുകളിൽ നിന്ന് 312,629/- രൂപയും ഉൾപ്പടെ 1,751,336/- രൂപയാണ് തൻവർഷത്തെ വായ്പ തിരിച്ചടവ്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ ലഭ്യമാക്കിയ ബാങ്ക് സ്ഥിരനിക്ഷേപ രശീതികൾ, നിക്ഷേപങ്ങളുടെ ബാങ്ക് സ്ക്രോൾ എന്നിവ പ്രകാരമുള്ള 2023-24 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം (01/04/2023) | 12,822,325/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ വരവ്(മുതലിൽ ചേർത്തത്) | 679,111/- |
| ആകെ | 13,501,436/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6,861,083/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,640,353/- |

സ്ഥിരനിക്ഷേപ രജിസ്റ്റർ, ലഭ്യമാക്കിയ എഫ്.ഡി. സ്ക്രോൾ എന്നിവ പ്രകാരം വർഷാരംഭത്തിൽ 2 എണ്ണം (FD Account No.18542, 18543) സ്ഥിരനിക്ഷേപങ്ങൾ The Elamgulam Service Co-Operative Bank Ltd. No.3576 ബാങ്കിൽ ഉണ്ടായിരുന്നു. ഭരണസമിതിയുടെ 11/08/2023 ലെ 4(2) നം. തീരുമാനം അനുസരിച്ച് 18542 നം. സ്ഥിരനിക്ഷേപം 27-09-2023 തീയതിയിൽ അന്നുവരെയുള്ള പലിശ ഉൾപ്പടെ 6,861,083/- രൂപ പിൻവലിച്ച് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചു. 31/03/2024-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| തുക നിക്ഷേപിച്ച ബാങ്കിന്റെ പേര് | The Elamgulam Service Co-Operative Bank Ltd. No.3576 |
| ബാങ്ക് ശാഖ | ഇളങ്ങുളം |
| സ്ഥിരനിക്ഷേപ അക്കൌണ്ട് നം. | 18543 |

| | |
|---|---|
| നിക്ഷേപ തുക/ തീയതി | 50 ലക്ഷം/01-01-2019 |
| 2023-24 ൽ പുതുക്കിയ തീയതി/ നിക്ഷേപ തുക | 24-09-2023 മുതൽ ഒരു വർഷം 6,640,353/- |
| വാർഷിക പലിശ നിരക്ക് | 8.25 % |
| 31/03/2024 ലെ നിക്ഷേപ മൂല്യം | 6,640,353/- |

31/03/2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം 6,162,464/- രൂപ സ്ഥിരനിക്ഷേപമാണ് പ്രതിഫലിക്കുന്നത്. 2023-24 വർഷം പിൻവലിച്ച 18542 നം. സ്ഥിരനിക്ഷേപത്തിന് ലഭിച്ച 477,889/- രൂപ മുതലിൽ ചേർത്തത് അക്കൗണ്ട് ചെയ്യാതെ സ്ഥിരനിക്ഷേപം പിൻവലിക്കൽ അക്കൗണ്ട് ചെയ്തതിനാലാണ് ടി തുകയുടെ വ്യത്യാസം ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. ഓഡിറ്റ് സമയത്തെ നിർദ്ദേശ പ്രകാരം സ്ഥിരനിക്ഷേപ പലിശ ക്രമീകരിച്ച് അക്കൗണ്ട് ചെയ്ത് കണക്കുകൾ കൃത്യമാക്കുകയും 2023-24 Investment Register തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു.

## 4-7 ഓഡിറ്റ് റിക്കവറി

2023-24 വർഷം ഓഡിറ്റ് റിക്കവറിയായി 37,774/- രൂപ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കിയ നികുതി തുകയാണ് ഓഡിറ്റ് റിക്കവറിയായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്രുവൽ വരവിനങ്ങൾ ഓഡിറ്റ് റിക്കവറി നടത്തുന്നത് Prior Period ആയി കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷമാണ് ചെയ്യേണ്ടത് എന്നത് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. 2023-24 ഓഡിറ്റ് റിക്കവറി വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിന്റെ 11-ാം പേജിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഖണ്ഡികയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3 | 2016-17 | അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4, 2-5, 2-6, 2-7, 2-8 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-17 | വിഷയാധിഷ്ഠിത പരിശോധന അവലോകനം | 2017-18 | ഡെപ്പോസിറ്റ് പ്രവൃത്തി – അനുബന്ധം 4 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം-എസ്റ്റിമേറ്റുകൾ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം പരിശോധനാ വിധേയമാക്കുന്നില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

2023-24 വർഷം എലിക്കുളം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-16, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരം സർച്ചാർജ് നടപടികളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിക്കവറി തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 66,148,524/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 42,292,205/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 108,066,389/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 108,744,802/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,629,773/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 27,211/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| 1-24 | 158,199/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| 1-25 | 205,000/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| 1-26 | 1,267,948/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| 1-28 | 298,000/- | ശ്രീമതി. ചിന്തു ടി. കുട്ടപ്പൻ, ഐ.സി.ഡി.എസ്., സൂപ്പർവൈസർ |
| 1-33 | 157,833/- | ഡോ. ബിന്ദു തെരേസ പി. ജെ., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-35 | 515,582/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| **ആകെ** | **2629773/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 1-13, 1-14, 1-15

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകൾ |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.കെ.പി6/55/2003/16-06-2003/10-10-2003 | 27 |
| 2000-01, 2001-02(Plan) | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(1)/2022 /25-08-2022 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(2)/2022 /25-08-2022 | 3 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(3)/2022 /25-08-2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(4)/2022 /25-08-2022 | 2 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(5)/2022 /25-08-2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/881(1)/2022 /05-08-2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/881(2)/2022 /05-08-2022 | 8 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/1688(6)/2022 /25-08-2022 | 7 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2022/881(3)/2022 /05-08-2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/ | 3 |

| | | |
|---|---|---|
| | അദാ-2022/881(4)/2022 /05-08-2022 | |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(5)/2022 /05-08-2022 | 8 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(7)/2022 /25-08-2022 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13/1498/2021/07-04-2022 | 16 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി13/2364/2022/25-04-2023 | 22 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി13/1319/2023/16-02-2024 | 21 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 (1) dated 04-07-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Elikkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Elikkulam Grama Panchayat as on 31-03-2024

**Date: 04/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Elikkulam Grama Panchayat for the Year 2023-2024.

### 1.Major Observations

1. General Fund Details not maintained. Source data not available for the value of total General Fund as on 31/03/2024.
2. Non-Disclosure of Capital Contribution. Capital Contribution Register and details not kept. Amount used for Asset creation using specific grants account not transferred to capital contribution and treated as revenue expenditure.
3. Non-Disclosure of Assets- Assets not classified and evaluated. Asset Register not maintianed properly.

### 2.Other Observations

1. Mandatory financial statements such as notes on accounts is not included in AFS.
2. Capital Work in Progress opening balance details and adjustments made before 2023-24 are not available due to non maintenance of Capital Work in Progress register.
3. Government and other dues register not maintained properly.

4. Deposit register not contains the deatails of all deposits booked in the B7 Schedule.
5. Amount booked as Advance to Implementing agencies-Deposit with Anert (460500206) & Advance to others (460500901) in B-18 schedule is not included in Advance register and not explained with supporting documents.
6. sabarimala Grant fund balance booked in the B4 schedule not tally with passbook balance.
7. Schedules of B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match with each other.

8. Amount booked as Beneficiary contribution in the B4 Schedule (Head of account 320800101) is not explained with supporting documents.

9. Amount booked as stale cheque in the B9 schedule (350800101) is not adjusted.

10. Loan balance amount shown in the B5 Schedule not tally with Loan register.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്